## ഭാരതീയ റിസർവ് ബാങ്ക്

(www.rbi.org.in)

ആർബിഐ/2018-19/1

ഡിജിബിഎ.ജിബിഡി.നം.-1/31.02.007/2018-19 ജൂലൈ 2, 2018

എല്ലാ ഏജൻസി ബാങ്കുകൾക്കും

പ്രിയപ്പെട്ട സർ/മാഡം,

**മാസ്റ്റർ സർക്കുലർ - ഏജൻസി ബാങ്കുകൾ മുഖനേയുള്ള സർക്കാർ പെൻഷൻ വിതരണം**

മുകളിൽ പരാമർശിച്ചിരിക്കുന്ന വിഷയത്തെക്കുറിച്ചുള്ള 2017 ജൂലൈ 1þmw തീയതിയിലെ ഞങ്ങളുടെ മാസ്റ്റർ സർക്കുലർ ആർബിഐ/2017-18/1 ദയവായി പരിശോധിക്കുക. ഭാരതീയ റിസർവ് ബാങ്ക് 2018 ജൂൺ 30 വരെ ഈ വിഷയത്തിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു കൊണ്ട് ഞങ്ങൾ ഇപ്പോൾ മാസ്റ്റർ സർക്കുലർ പരിഷ്കരിക്കു കയും സമകാലികമാക്കുകയും ചെയ്തിരിക്കുന്നു.

2. പരിഷ്കരിച്ച മാസ്റ്റർ സർക്കുലറിന്റെ ഒരു കോപ്പി താങ്കളുടെ അറിവിലേയ്ക്കായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഈ സർക്കുലർ ഞങ്ങളുടെ വെബ്സൈറ്റ് https://mastercirculars.rbi.org.in ൽ നിന്നും ഡൗൺലോഡ് ചെയ്തു എടുക്കുകയും ചെയ്യാവുന്നതാണ്.

താങ്കളുടെ വിശ്വസ്തതയുള്ള

(ചാരുലത എസ്. കാർ)
ചീഫ് ജനറൽ മാനേജർ

ഉള്ളടക്കം: മുകളിൽ പ്രസ്താവിച്ചത് പോലെ.

## മാസ്റ്റർ സർക്കുലർ - ഏജൻസി ബാങ്കുകൾ വഴിയായുള്ള

## സർക്കാർ പെൻഷൻ വിതരണം

**ഉപക്രമം**

അടിസ്ഥാനപെൻഷൻ, വർധിപ്പിച്ച ഡിയർനസ് റിലീഫ് (ഡിആർ) മറ്റ് ബത്തകൾ എന്നിവ സർക്കാരുകൾ പ്രഖ്യാപിക്കുന്നതിൻപ്രകാരം നൽകുന്ന നടപടി ഇന്ത്യാ ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റുകളുടെയും ബന്ധപ്പെട്ട മന്ത്രാലയങ്ങളും വകുപ്പുകളും തയ്യാറാക്കുന്ന പ്രസക്തമായ പദ്ധതികളുടെ നിയന്ത്രണത്തിലാണ്. 2018 ജൂൺ 30 വരെ ഭാരതീയ റിസർവ് ബാങ്ക് ഈ വിഷയത്തിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ളതാണ് ഈ മാസ്റ്റർ സർക്കുലർ. ഈ സർക്കുലർ നിലവിലിരിക്കുന്ന സർക്കാർ നിർദ്ദേശങ്ങൾക്ക് പകരമായുള്ളതോ അല്ലെങ്കിൽ അവയെ മറികടക്കുന്നതോ അല്ല. എന്തെങ്കിലും സംശയമോ അല്ലെങ്കിൽ പ്രകടമായ വൈരുദ്ധ്യമോ ഉണ്ടെങ്കിൽ പ്രസക്തിമായ സർക്കാർ നിർദ്ദേശങ്ങളായിരിക്കും ഏജൻസി ബാങ്കുകൾക്ക് മാർഗ നിർദ്ദേശം നൽകുന്നത്. ഇത് സംബന്ധമായ ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള വിവിധങ്ങളായ സർക്കുലറു കൾ താഴെപ്പറയും പ്രകാരം സംഗ്രഹിച്ചിരി ക്കുന്നു.

**സാമാന്യമായ നിർദ്ദേശങ്ങൾ**

**ഡിആർ, മുതലായവയെക്കുറിച്ച് വെബ്സൈറ്റുകളിൽ കൊടുത്തിരി ക്കുന്ന സർക്കാർ ഉത്തരവുകൾ**

2. ഡിആർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും ഡിആർ കൊടുക്കുന്നതിനുമിടയിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും, മുതിർന്ന പൗരന്മാർക്ക് ത്വരിതമായ സേവനം നൽകുന്നതി നുമായി താഴെപ്പറയും വിധമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(എ) പരിഷ്കരിച്ച നിരക്കുകളിലുള്ള ഡിയർനസ് റിലീഫ് അനുവദിച്ചു കൊണ്ടുള്ള അറിയിപ്പ് ധനമന്ത്രാലയത്തിൽ നിന്നും ലഭിച്ചു കഴിഞ്ഞാലുടൻ തന്നെ പരിഷ്ക്കരിച്ച നിരക്കുകളിൽ പെൻഷൻകാർക്ക് ഡിയർനസ് റിലീഫ് നൽകാനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതും, ആ ഉത്തരവുകളുടെ പകർപ്പുകൾ എല്ലാ ഏജൻസി ബാങ്ക് മേധാവികൾക്കും ഇ-മെയിൽ മുഖേനയും ഫാക്സ് വഴിയായും ഉടൻ തന്നെ അയച്ചു കൊടുക്കുകയും, ഡിയർനസ് റിലീഫ് നൽകാൻ ആവശ്യമായ നടപടികൾ കാലവിളംബം കൂടാതെ കൈക്കൊള്ളുവാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതാണ്.

(ബി) ഈ ഉത്തരവുകൾ മിനിസ്ട്രി ഓഫ് പഴ്സോണൽ, പബ്ലിക്ക് ഗ്രീവൻസ് ആന്റ് പെൻഷൻസ്–ന്റെ വെബ്സൈറ്റിൽ ഇടുകയും ചെയ്യുന്നതാണ് (http://www.persmin.nic.in)

(സി) ഉത്തരവുകളുടെ പകർപ്പുകൾ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ എല്ലാ ഏജൻസി ബാങ്കുകളുടെയും മേധാവികൾക്ക് അയച്ചു കൊടുക്കുയും പ്രധാനപ്പെട്ട വർത്തമാനപത്രങ്ങളിൽ പ്രസിദ്ധപ്പെ ടുത്തുകയും ചെയ്യുന്നതാണ്.

(ഡി) അംഗീകൃത ബാങ്കുകളുടെ സംസ്ഥാന തലസ്ഥാനങ്ങളിലെ ഹെഡ് ഓഫീസുകൾ/റീജിയണൽ ഓഫീസുകൾക്ക് ഗവൺമെന്റ് നൽകുന്ന ഉത്തരവു കളുടെ പകർപ്പുകളുടെയോ സംസ്ഥാന ഗവൺമെന്റിന്റെ വെബ്സൈറ്റുകളിൽ പ്രദർശിപ്പിക്കപ്പെടുന്ന വിവരങ്ങളുടെയോ അടിസ്ഥാനത്തിൽ പെൻഷൻ വിതരണം ചെയ്യുന്ന ഏജൻസി ബാങ്കുകൾ പ്രവർത്തിക്കേണ്ടതാണ്.

(ഇ) ഗവൺമെന്റ് പെൻഷൻ അർഹരായ പെൻഷൻകാർക്ക് കൃത്യമായി വിതരണം ചെയ്യുന്ന പ്രവർത്തനം ഏജൻസി ബാങ്കുകളുടെ നിയന്ത്ര ണാധികാരമുള്ള ഓഫീസുകൾ/ഹെഡ് ഓഫീസുകൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്യേണ്ടേ താണ്.

(എഫ്) കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും പുറപ്പെടുവിക്കുന്ന വിവിധ വിജ്ഞാപനങ്ങളിൽ അടങ്ങിയിരിക്കുന്ന എല്ലാ മാർഗ്ഗ രേഖകളും നിർദ്ദേശങ്ങളും കരുതലോടെ പിന്തുടരുവാനും ആർബിഐ-യുടെ തുടർന്നുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾക്കായി കാത്തിരിക്കാതെ തന്നെ ആവശ്യമായ നടപടികൾ പെട്ടെന്നു തന്നെ സ്വീകരിക്കുവാൻ എല്ലാ ഏജൻസി ബാങ്കുകളെയും അനുശാസിക്കുന്നു.

**നാമനിർദ്ദേശം**

3. പെൻഷണർമാർക്ക് ഉണ്ടായേക്കാവുന്ന അസൗകര്യങ്ങൾ ഒഴിവാക്കുകയെന്ന ഉദ്ദേശ്യത്തോടെ സെൻട്രൽ സിവിൽ/റയിൽവേ പെൻഷണർമാർ അവരുടെ പെൻഷൻ കുടിശ്ശിക അവരുടെ പിന്തുടർച്ചക്കാർക്ക് നല്കുന്നതിലേയ്ക്കായി സമർപ്പിക്കുന്ന ‘എ’ അല്ലെങ്കിൽ ‘ബി’ നാമനിർദ്ദേശ ഫോറങ്ങൾ പെൻഷൻ വിതരണം ചെയ്യുന്ന എല്ലാ ബാങ്കുകളും സ്വീകരിക്കേണ്ടതാണ്.

4. സെൻട്രൽ സിവിൽ/റയിൽവേ പെൻഷണർമാരുടെ കാര്യത്തിൽ നോമിനേഷൻ ‘എ’, ‘ബി’ ഫോറങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന നോമിനികളുടെ പേരുകൾ പെൻഷൻ വിതരണം ചെയ്യുന്ന ബാങ്കുകൾ പാസ്ബുക്കിന്റെ ആദ്യ പേജിൽ തന്നെ സാക്ഷ്യപ്പെടുത്തേണ്ടുന്നതും, പൊതുമേഖലാ ബാങ്കുകളുടെ പെൻഷൻ വിതരണ പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന നടപടി ക്രമം എല്ലാ ഏജൻസി ബാങ്കുകളും കണിശമായി പാലിക്കുവാൻ ശാഖകളോട് അനുശാസിക്കേണ്ടതുമാണ്.

**ഭാരത സർക്കാർ സേവനത്തിൽ നിന്നും വിരമിക്കുന്ന അഖിലേന്ത്യാ സർവീസ് ഓഫീസർമാർ**

5. കേന്ദ്ര ഗവൺമെന്റിൽ ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിച്ച ശേഷം വിരമിക്കുന്ന അഖിലേന്ത്യാ സർവീസ് ഓഫീസർമാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായുള്ള കണക്കെഴുത്തു ക്രമം താഴെപ്പറയുന്നു.

(എ) എല്ലാ അഖിലേന്ത്യാ സർവ്വീസ് പെൻഷണർമാരുടെയും പിപിഒ നംബർ കൂടാതെ, പെൻഷണർ ഭാഗമായിരിക്കുന്ന സർവീസ്, സ്റ്റേറ്റ് കേഡർ എന്നിവ സൂചിപ്പിക്കുന്ന ഒരു ഉപസർഗ്ഗവും ആരംഭത്തിൽ രേഖപ്പെടുത്തിയിരിക്കും. പഞ്ചാബ് സർക്കാരിലെ ഒരു ഐഎഎസ് ഓഫീസറുടെ ഒരു മാതൃകാ പിപിഒ നംബർ ഇങ്ങനെയായിരിക്കും – IAS/Pb/438840400191.

(ബി) അംഗീകൃത ബാങ്കുകളിലൂടെ മാത്രം പെൻഷൻ സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം എല്ലാ അഖിലേന്ത്യാ സർവ്വീസ് പെൻഷണർ മാർക്കും ഉണ്ടായിരിക്കും.

(സി) സിപിഎഒ നൽകുന്ന സ്പെഷ്യൽ സീൽ അതോറിറ്റി (എസ്എസ്എ) നീലനിറത്തിലുള്ളതായിരിക്കും. സെൻട്രൽ സിവിൽ പെൻഷൻക്കാർക്കായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ നിന്നും വേർതിരിച്ചറിയാനുള്ള അടയാള മാണിത്. ഇതും കൂടാതെ ഏത് സംസ്ഥാന സർക്കാരിന്റെ ഖജനാവിൽ നിന്നാണോ പെൻഷൻ നൽകേണ്ടത്, ആ സർക്കാരിന്റെ പേരും അതോറിറ്റി രേഖപ്പെടുത്തു ന്നതാണ്.

(ഡി) ബന്ധപ്പെട്ട അക്കൗണ്ടന്റ് ജനറലിന്റെ അറിവിലേക്കും രേഖക്കുമായി എസ്എസ്എ-യുടെ ഒരു പകർപ്പ് അയച്ചുകൊടുക്കുന്നതാണ്.

(ഇ) പെൻഷൻ വിതരണം ചെയ്യുന്ന ബന്ധപ്പെട്ട ബാങ്കു ശാഖകൾ പെൻഷണറെ തിരിച്ചറിയുന്നതിനാവശ്യമായ നടപടിക്രമം പാലിച്ചതിനു ശേഷം, പെൻഷൻ വിതരണം ചെയ്യുന്നതും, ഈ തുക മടക്കി കിട്ടുന്നതിലേയ്ക്കായി അപ്രകാരം മടക്കി നൽകുന്ന റിസർവ് ബാങ്ക് / സ്റ്റേറ്റ് ബാങ്ക് ശാഖകളിലേയ്ക്ക് അയച്ചു കൊടുക്കുവാനായി ഓൾ ഇന്ത്യാ സർവീസ് പെൻഷണറുടെ പേര്, സംസ്ഥാന സർക്കാർ പെൻഷണർമാർക്കായി തയ്യാറാക്കിയിരിക്കുന്ന സ്ക്രോളിൽ ചേർക്കു കയും ചെയ്യും. ഈ സ്ക്രോളുകൾ സെൻട്രൽ ഗവൺമെന്റ് സിവിൽ പെൻഷണർമാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായുള്ള ഏക ജാലക സമ്പ്രദായപ്രകാരം കൈകാര്യം ചെയ്യപ്പെടാത്തവയായതിനാൽ സിപിഎഒ യിലേക്ക് അയച്ചു കൊടുക്കാൻ പാടില്ലാ ത്തതാണ്.

(എഫ്) വിതരണം ചെയ്യപ്പെട്ട പെൻഷൻ ബാങ്ക് ശാഖകൾക്ക് മടക്കി നൽകാൻ ചുമതലപ്പെട്ടിരിക്കുന്ന പ്രത്യേക ശാഖകൾ, സംസ്ഥാന സർക്കാർ പെൻഷണർ മാർക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന നടപടിക്രമം പാലിക്കേണ്ടതും, റിസർവ്

ബാങ്ക്, സിഎഎസ് നാഗ്പ്പൂരിന് അറിയിപ്പ് നൽകണ്ടേതും അനുയോജ്യമായ സ്ക്രോളുകൾ ബന്ധപ്പെട്ട അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കണ്ടേതുമാണ്.

(ജി) നടപടിക്രമം അനുസരിച്ച് നാഗ്പ്പൂരിലെ ആർബിഐ, സിഎഎസ് ബന്ധപ്പെട്ട സംസ്ഥാന സർക്കാർ അക്കൗണ്ടിൽ ചെലവെഴുതുകയും ചെയ്യുന്നതാണ്.

**ജോയിന്റ് അക്കൗണ്ടിൽ പെൻഷൻ വരവ് വയ്ക്കുന്ന രീതി**

6. ഒരു പെൻഷണർ, പെൻഷൻ പെയ്മെന്റ് ഓഡർ (പിപിഒ) യിൽ ഫാമിലി പെൻഷൻ ലഭിക്കണ്ടേ വ്യക്തിയായി അധികാരപ്പെടുത്തിയിരിക്കുന്ന അയാളുടെ/അവരുടെ ജീവിത പങ്കാളിയുടെ പേരും കൂടി ചേർത്ത് പ്രവർത്തിപ്പിച്ചു കൊണ്ടിരിക്കുന്ന ഒരു ജോയിന്റ് അക്കൗണ്ടിലും കൂടി പെൻഷൻ തുക വരവ് വയ്ക്കുന്നതിനുള്ള അനുവാദം നൽകിക്കൊണ്ട് വിവിധ കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളും സംസ്ഥാന സർക്കാരുകളും പെൻഷൻ വിതരണപദ്ധതിയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. തന്റെ ജീവിത പങ്കാളിയുടെ പേര് കൂടി ചേർത്തിട്ടുള്ള ജോയിന്റ് അക്കൗണ്ട് ഒന്നുകിൽ 'ഫോർമർ ഓർ സർവൈവർ' അല്ലെങ്കിൽ ഐതർ ഓർ സർവൈവർ 'അടിസ്ഥാനത്തിലോ താഴെപ്പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പ്രവർത്തിപ്പിക്കണ്ടേതാണ്.

(എ) ഒരു പെൻഷണറുടെ ബാങ്ക് അക്കൗണ്ടിൽ പെൻഷൻ വരവ് വയ്ക്കുന്നതോടെ സർക്കാരിന്റെ/ബാങ്കിന്റെ ബാധ്യത അവസാനിക്കുന്നു. ജീവിത പങ്കാളി തെറ്റായി പണം പിൻവലിച്ചാൽപ്പോലും ബാധ്യതയുടെ ഒരു പ്രശ്നവും ഉദിക്കുന്നില്ല.

(ബി) ഒരു പെൻഷണർ ജീവിച്ചിരിക്കുന്ന കാലത്തോളം മാത്രമാണ് പെൻഷൻ നൽകണ്ടേതെന്നതിനാൽ, അയാളുടെ/അവരുടെ മരണം സംഭവിച്ചാൽ കഴിയും വേഗം, ഏത് സാഹചര്യത്തിലായാലും ദേഹവിയോഗത്തിനു ശേഷം ഒരു മാസത്തിനകം, വിവരം ബാങ്കിൽ അറിയിക്കണ്ടേതാണ്. പെൻഷണറുടെ മരണത്തിനു ശേഷം, ജീവിത പങ്കാളിയുടെ പേരും കൂടി ചേർത്ത് പ്രവർത്തിപ്പിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ ബാങ്ക് തുടർന്നും പെൻഷൻ തുക വരവ് വയ്ക്കാതിരിക്കുന്നതിലേയ്ക്കായാണ് ഇത്. ജോയിന്റ് അക്കൗണ്ടിൽ ഏതെങ്കിലും തുക തെറ്റായി വരവ് വയ്ക്കാനിടയായാൽ, ആ തുക ജോയിന്റ് അക്കൗണ്ടിൽ നിന്നോ, അല്ലെങ്കിൽ പെൻഷണറോ ജീവിത പങ്കാളിയോ ഒറ്റയ്ക്കോ കൂട്ടായോ പ്രവർത്തിപ്പിക്കുന്ന മറ്റേതെങ്കിലും അക്കൗണ്ടിൽ നിന്നോ തിരിച്ചു പിടിക്കുന്നതാണ്. ജോയിന്റ് അക്കൗണ്ടിൽ തെറ്റായി വരവ് വയ്ക്കുന്ന ഏത് തുകയും മടക്കി നൽകാൻ നിയമാനുസൃത അവകാശികൾ, പിന്തുടർച്ചക്കാർ, നിർവഹണാധികാരികൾ മുതലായവരും ബാധ്യസ്ഥരായിരിക്കും.

(സി) 1983-ലെ 'പെയ്മെന്റ് ഓഫ് അരിയേഴ്സ് ഓഫ് പെൻഷൻ (നോമിനേഷൻ) റൂൾസ് പെൻഷണറുടെ ജീവിത പങ്കാളിയും ചേർന്നുള്ള ഒരു ജോയിന്റ് അക്കൗണ്ടിനും തുടർന്നും

ബാധകമായിരിക്കുന്നതാണ്. ഈ റൂളുകളിലെ 5, 6 ചട്ടങ്ങൾക്കനുസൃത മായുള്ള ഒരു 'സ്വീകൃത നോമിനേഷൻ' നിലവിലുണ്ടെങ്കിൽ, ചട്ടങ്ങളിൽ പറയുന്ന കുടിശ്ശിക നോമിനിക്ക് നൽകേണ്ടതാണ് എന്നതാണ് ഇതിനർഥം.

7. നിലവിലുള്ള പെൻഷണർമാർ, മുകളിൽ സൂചിപ്പിച്ചിരിക്കും പ്രകാരം അവരുടെ പെൻഷൻ ഒരു ജോയിന്റ് അക്കൗണ്ടിൽ വരവ് വയ്ക്കാൻ ആഗ്രഹിക്കുന്ന പക്ഷം ഇതിലേയ്ക്കായി ഇപ്പോൾ അവർ പെൻഷൻ വാങ്ങിച്ചുകൊണ്ടിരിക്കുന്ന ബാങ്ക് ശാഖയിൽ നിർദ്ദിഷ്ട മാതൃകയിൽ ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട മന്ത്രാലയം/ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കും പ്രകാരമുള്ള വ്യവസ്ഥകളും നിബന്ധനകളും സ്വീകരിച്ചിരിക്കുന്നു എന്നതിന്റെ അടയാളമായി ഈ അപേക്ഷയിൽ പെൻഷണറുടെ ജീവിത പങ്കാളിയുടെ കൂടി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. ഈ സൗകര്യം നിലവിലുള്ള പെൻഷണർമാർക്കും ഭാവി പെൻഷണർമാർക്കും ലഭ്യമായിരിക്കു ന്നതാണ്.

8. പെൻഷൻ വരവ് വയ്ക്കുന്നതിലേയ്കക്കായി, പിപിഒ യിൽ ഫാമിലി പെൻഷൻ ലഭിക്കാൻ ചുമതലപ്പെടുത്തപ്പെട്ട ജീവിതപങ്കാളിയുടെ പേരിലല്ലാതെ മറ്റേതെങ്കിലും വ്യക്തിയുമായി ചേർന്ന് ജോയിന്റ് അക്കൗണ്ട് തുടങ്ങുന്നത് അനുവദനീയമല്ല എന്നതും കൂടി ചില സംസ്ഥാനങ്ങളുടെ/മന്ത്രാലയങ്ങളുടെ പെൻഷൻ പദ്ധതിയിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. പരിഷ്കരിച്ച പദ്ധതിയിൽ ഫാമിലി പെൻഷണർമാരെ ഉൾപ്പെടുത്തിയിട്ടില്ല. പ്രത്യേകമായ വിശദവിവരങ്ങൾക്കായി ഓരോ മന്ത്രാലയത്തിന്റെയും/സംസ്ഥാന ഗവൺമെന്റിന്റെയും പദ്ധതി പരിശോധിക്കേണ്ടതാണ്.

**പെൻഷണർമാരുടെയും ഫാമിലി പെൻഷണർമാരുടെയും പാസ്ബുക്കിൽ പിപിഒ നമ്പർ രേഖപ്പെടുത്തൽ**

9. പെൻഷണർമാർക്കും ഫാമിലി പെൻഷണർമാർക്കും നൽകുന്ന എല്ലാ പെൻഷൻ പാസ്ബുക്കുകളിലും പിപിഒ നമ്പർ രേഖപ്പെടുത്തണമെന്ന് ഏജൻസി ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പിപിഒ നമ്പർ കൃത്യമായി അറിയാത്ത സാഹചര്യത്തിൽ, ഒറിജിനൽ പിപിഒ നഷ്ടപ്പെടുന്ന പക്ഷം ഡ്യൂപ്ലിക്കേറ്റ് പെൻഷൻ പേയ് മെന്റ് ഓഡറുകൾ (പിപിഒ) ലഭിക്കുന്നതിലും, ഒരു ബാങ്ക്/ശാഖയിൽ നിന്നും മറ്റൊരു ബാങ്ക്/ശാഖയിലേയ്ക്ക് പെൻഷൻ അക്കൗണ്ട് മാറ്റുന്നതിലും പെൻഷണറുടെ മരണത്തിനു ശേഷം ജീവിത പങ്കാളിക്കോ അല്ലെങ്കിൽ ആശ്രിത മക്കൾക്കോ ഫാമിലി പെൻഷൻ ലഭിക്കുന്നതിലും അതുപോലുള്ള മറ്റ് കാര്യങ്ങളിലും അനുഭവപ്പെടുന്നതായി അറിയിച്ചിട്ടുള്ള പ്രയാസങ്ങൾ ലഘൂകരിക്കുന്നതിലേയ്ക്കായാണ് ഇത്. ഇത് സംബന്ധമായി ആവശ്യമായ നിർദ്ദേശങ്ങൾ ഇതിനകം തന്നെ എല്ലാ അംഗീകൃത ബാങ്കുകൾക്കും നൽകിക്കഴിഞ്ഞിട്ടുണ്ട്. 2014 സെപ്തംബർ 17 ന് സെൻട്രൽ പെൻഷൻ അക്കൗണ്ടിങ് ഓഫീസ് അവരുടെ

CPAO/Tech/Clarifications/P&PW/2014-15/426-497 നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിലും 2016 നവംബർ 28ന് ഓഫീസ് ഓഫ് ദ പ്രിൻസിപ്പൽ കൺട്രോളർ ഓഫ് ഡിഫൻസ് അക്കൗണ്ട്സ് (പെൻഷൻ) പുറപ്പെടുവിച്ച സർക്കുലർ നമ്പർ 185ലും ഈ നിർദ്ദേശങ്ങളുണ്ട്. പെൻഷണർമാരുടെയും/ഫാമിലി പെൻഷണർമാരുടെയും പെൻഷൻ പാസ് ബുക്കിൽ പിപിഒ നമ്പറുകൾ രേഖപ്പെടുത്തണമെന്ന് എല്ലാ ഏജൻസി ബാങ്കുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പെൻഷൻ തുകയിൽ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ പിപിഒ-യിൽ രേഖപ്പെടുത്തൽ**

10. അടിസ്ഥാന പെൻഷൻ നിരക്കുകളിൽ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ പെൻഷൻ വിതരണം ചെയ്യുന്ന ചില ബാങ്ക് ശാഖകൾ ബന്ധപ്പെട്ട പെൻഷൻ പേയ്മെന്റ് ഓഡറു (പിപിഒ) കളുടെ രണ്ടു പകുതികളിലും ചേർത്ത് അടിസ്ഥാന പെൻഷൻ/ഫാമിലി പെൻഷൻ പുതുക്കി രേഖപ്പെടുത്തുന്നില്ല. ഈ സന്ദർഭത്തിൽ 'സ്കീം ഫോർ പേയ്മെന്റ് ഓഫ് പെൻഷൻസ് ടു സെൻട്രൽ ഗവൺമെന്റ് സിവിൽ പെൻഷനേഴ്സ് ബൈ പബ്ലിക്ക് സെക്ടർ ബാങ്ക്സ് ന്റെ 12.17 ഉം 19.1 ഉം ഖണ്ഡികകളിൽ പരാമർശിക്കുന്നത് ഇനി പറയുന്നു : പെൻഷന്റെ അടിസ്ഥാന നിരക്കുകളിലും പെൻഷനിന്മേൽ നൽകുന്ന ഡിയർനെസ് റിലീഫിലും മാറ്റങ്ങളുണ്ടാ കുമ്പോൾ പിപിഒ പെൻഷണർമാരുടെ കൈവശമുള്ള പിപിഒയുടെ പകുതി ഭാഗം ഹാജരാക്കുവാൻ പെൻഷൻ വിതരണം ചെയ്യുന്ന ശാഖ ആവശ്യപ്പെടേണ്ടതും മാറ്റങ്ങൾ അതിൽ രേഖപ്പെടുത്തേണ്ടുന്നതുമാണ്. ഈ മാറ്റങ്ങൾ ഏത് തീയതി മുതൽക്കാണ് പ്രാബല്യത്തിൽ വന്നതെന്നതും രേഖപ്പെടുത്തണം. ഇത് പൂർത്തിയാക്കിയ ശേഷം പിപിഒ-യുടെ ആ പകുതി ഭാഗങ്ങൾ പെൻഷണർ മാർക്ക് മടക്കി നൽകേണ്ടതാണ്.' (ഖണ്ഡിക 12.17).

"പെൻഷനിൽ ഏതെങ്കിലും അഡീഷണൽ റിലീഫ് ഗവൺമെന്റ് അനുവദിക്കുമ്പോഴൊക്കെ ഇക്കാര്യത്തിലുള്ള ഒരു അറിയിപ്പ് മിനിസ്ട്രി ഓഫ് പേഴ്സൊണൽ, പബ്ലിക് ഗ്രീവൻസസ് ആന്റ് പെൻഷൻസ് (ഡിപ്പാർട്ട്മെന്റ് ഓഫ് പെൻഷൻ ആന്റ് പെൻഷനേഴ്സ് വെൽഫയർ) നാമനിർദ്ദേശം ചെയ്യപ്പെട്ട ഓരോ പൊതുമേഖല ബാങ്കിന്റെയും അംഗീകൃത പ്രതിനിധിയുടെ പേരിൽ അവർ നൽകിയിരിക്കുന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കുന്നതാണ്. ഇതിനു ശേഷം ദൽഹിയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥലത്തോ പ്രവർത്തിക്കുന്ന തങ്ങളുടെ പ്രതിനിധികൾ മുഖേന ഈ ഉത്തരവുകളുടെ ആവശ്യമായ എണ്ണത്തിലുള്ള പകർപ്പുകൾ, അതുമായി ബന്ധപ്പെട്ട് തയ്യാറാക്കി വച്ചിരിക്കുന്ന ഗണനപ്പട്ടികയോടൊപ്പം മിനിസ്ട്രി ഓഫ് പേഴ്സൊണൽ, പബ്ലിക് ഗ്രീവൻസസ് ആന്റ് പെൻഷൻസ് (ഡിപ്പാർട്ട്മെന്റ് ഓഫ് പെൻഷൻ ആന്റ് പെൻഷനേഴ്സ് വെൽഫെയർ) ൽ നിന്നും ശേഖരിച്ച് ഉടൻ തന്നെ അവ മേൽപ്പറഞ്ഞ മാറ്റങ്ങൾ നടപ്പാക്കുന്നതിലേയ്ക്കായി 10 ദിവസത്തിനകം പെൻഷൻ വിതരണം ചെയ്യുന്ന ശാഖകളിലേയ്ക്ക് നേരിട്ട് അയച്ചു കൊടുക്കുവാൻ വേണ്ടി തങ്ങളുടെ ഹെഡ് ഓഫീസിലേയ്ക്ക് അയച്ചു കൊടുക്കേണ്ടുന്ന ഉത്തരവാദിത്തം

ബാങ്കുകൾക്കായിരിക്കും. പെൻഷൻ വിതരണം ചെയ്യുന്ന ഓരോ ബാങ്ക് ശാഖയും സെൻട്രൽ ഗവൺമെന്റ് സിവിൽ പെൻഷണർമാർക്ക് നൽകേണ്ടുന്ന പുതുക്കിയ റിലീഫ് നിരക്കുകൾ ഉടനടി നിർണയിക്കുന്നതായിരിക്കും. ഓരോ പെൻഷണർമാർക്കും ബാധകമായ നിരക്കുകളുടെ കണക്ക് കൂട്ടലുകൾ (അനുബന്ധം XXII, പേജ് 50) ൽ പറയുന്നത് പോലെ ചെയ്തതിനു ശേഷം അത് പിപിഒ യിൽ ബാങ്കുകൾക്കുള്ള ഭാഗത്ത് രേഖപ്പെടുത്തുകയും, റിലീഫ് പ്രാബല്യത്തിൽ വരുന്ന തീയതിയും കാണിച്ച് ശാഖാ മാനേജരോ അല്ലെങ്കിൽ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തുകയും വേണം. പുതുക്കിയ നിരക്കുകളിലുള്ള റിലീഫ് അല്ലെങ്കിൽ പെൻഷണർമാർക്ക് കിട്ടാനുള്ള എന്തെങ്കിലും കുടിശ്ശിക നൽകാൻ തുടങ്ങുന്നതിനു മുമ്പായി ഇത് ചെയ്തിരിക്കണം. . .' (ഖണ്ഡിക 19.1).

ഏജൻസി ബാങ്കുകൾ, മുകളിൽപ്പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പെൻഷൻ വിതരണം ചെയ്യുന്ന അവരുടെ ശാഖകളുടെ ശ്രദ്ധയിൽപ്പെടുത്തുകയും നിർദ്ദേശങ്ങൾ കണിശമായി പാലിക്കുവാൻ അവയോട് ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്.

**പെൻഷൻ സ്ലിപ്പ് വിതരണം**

11. ഫാമിലി പെൻഷണർമാരുൾപ്പടെയുള്ള അവരവരുടെ പെൻഷണർ മാർക്ക് പെൻഷൻ സ്ലിപ്പുകൾ വിതരണം ചെയ്യുവാൻ സെൻട്രൽ പെൻഷൻ അക്കൗണ്ടിങ് ഓഫീസ്, (സിപിഎഒ) പ്രതിരോധ മന്ത്രാലയം, റയിൽവേ, വിവിധ സംസ്ഥാന ഗവൺമെന്റുകൾ എന്നിവ തീരുമാനിച്ചിട്ടുണ്ട്. അതിൻ പ്രകാരം നിർദ്ദിഷ്ട മാതൃകയിലുള്ള പെൻഷൻ സ്ലിപ്പുകൾ പെൻഷൻ നൽകാൻ ആരംഭിക്കുന്ന ഘട്ടത്തിൽ ഈ പെൻഷണർമാർക്കും ഫാമിലി പെൻഷണർമാർക്കും നൽകേണ്ടുന്നതും, തുടർന്ന് പെൻഷൻ തുകയിൽ എന്തെങ്കിലും മാറ്റം വരുമ്പോഴൊക്കെ അവ നൽകേണ്ടതുമാണ്. പെൻഷൻ പേയ്മെന്റ് ഓഡ(പിപിഒ)റിന്റെ രണ്ടു പകുതികളിലും ഈ മാറ്റങ്ങൾ രേഖപ്പെടുത്തി പരിഷ്ക്കരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ എല്ലാ ഏജൻസി ബാങ്കുകളും പെൻഷൻ വിതരണം ചെയ്യുന്ന അവരുടെ ശാഖകൾക്ക് ഉചിതമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. (2007 ജനുവരി 2-mw തീയതിയിലെ DGBA.GAD.H-10975/ 45.05.031/2006-07)

**പല ദിവസങ്ങളിലായുള്ള പെൻഷൻ വിതരണം**

12. പെൻഷൻ വിതരണം മാസത്തിന്റെ അവസാന ദിവസത്തിൽ മാത്രം വിതരണം ചെയ്യുകയെന്ന രീതി പെൻഷണർമാർക്ക് ധാരാളം കഷ്ടതകൾക്ക് കാരണമാകുന്നുണ്ട്. കാരണം, അവരുടെ പെൻഷൻ കൈപ്പറ്റുന്നതിനായി ധാരാളം സമയം അവർക്ക് ക്യൂവിൽ കാത്തു നിൽക്കേണ്ടതായി വരുന്നു. 1995ൽ ഏജൻസി ബാങ്കുകൾക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങളനുസരിച്ച് പെൻഷൻ വിതരണ തീയതി

മാസത്തിന്റെ അവസാനത്തെ നാല് പ്രവർത്തി ദിനങ്ങളിലായി വീതിക്കണമെന്ന് ഉപദേശിച്ചിട്ടുണ്ട്. എന്നാൽ മാർച്ച് മാസ ത്തിലെ പെൻഷൻ ഏപ്രിലിലെ ആദ്യ പ്രവർത്തി ദിവസത്തിലായിരിക്കും തുടർന്നും വിതരണം ചെയ്യുക.

**ഒരു പെൻഷണർക്ക് അധികമായോ അബദ്ധത്തിലോ നൽകിയ തുക തിരിച്ചു പിടിക്കൽ**

13. സെൻട്രൽ/സിവിൽ/ഡിഫൻസ്/റെയിൽവേയ്സ് പെൻഷണർമാർക്ക് ഏജൻസി ബാങ്കുകൾ വഴിയായി പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതിയിൻ കീഴിൽ പെൻഷണർമാർക്ക് അധികമായോ, അബദ്ധത്തിലോ നൽകിയ പണം തിരിച്ചു പിടിക്കുന്നതിനായി രൂപം നൽകിയ ഏകരൂപത്തിലുള്ള നടപടി ക്രമത്തിന്റെ വിശദവിവരങ്ങൾ താഴെകൊടുക്കുന്നു.

(എ) പെൻഷണർക്ക് അധികമായോ അബദ്ധത്തിലോ പണം നൽകിയതായി പെൻഷൻ വിതരണം ചെയ്യുന്ന ബാങ്കിന്റെ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ, അപ്രകാരമുള്ള തുക, സാധ്യമാകുന്നിടത്തോളം മൊത്തമായി നൽകിയ കുടിശ്ശികത്തുകയുൾപ്പടെ പെൻഷണറുടെ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുകയിൽ നിന്നും ബാങ്ക് ശാഖ തട്ടിക്കിഴിക്കേണ്ടതാണ്.

(ബി) അധികമായി നൽകിയ മുഴുവൻ തുകയും അക്കൗണ്ടിലെ പണത്തിൽ നിന്നും തട്ടിക്കിഴിക്കാൻ കഴിയുന്നില്ലെങ്കിൽ, അധികമായി കൈപ്പറ്റിയ തുക ഉടൻ തന്നെ തിരിച്ചടക്കാൻ ആവശ്യപ്പെടാവുന്നതാണ്.

(സി) പണം തിരിച്ചടയ്ക്കാൻ നിവർത്തിയില്ല എന്ന് പെൻഷണർ അറിയിക്കുകയാണെങ്കിൽ പെൻഷണർമാർക്ക് ഭാവിയിൽ നൽകുന്ന പണത്തിൽ നിന്നും അത് തട്ടിക്കിഴിക്കേണ്ടതാണ്. പെൻഷണർക്ക് അധികമായി നൽകിയ തുക, ഭാവി പെൻഷനിൽ നിന്നും തവണകളായി ഓരോ മാസവും പെൻഷൻ, റിലീഫ് എന്നിവ ചേർത്ത് നൽകുന്ന തുകയുടെ മൂന്നിലൊരു ഭാഗം പ്രതിമാസം തിരിച്ചു പിടിക്കാവുന്നതാണ്. കൂടുതൽ തവണ തുക അടയ്ക്കുവാൻ രേഖാമൂലം സമ്മതം നൽകാത്തപക്ഷം ഈ നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) പെൻഷണർക്ക് നൽകിയ അധിക തുക അയാളുടെ മരണം മൂലമോ അല്ലെങ്കിൽ പെൻഷൻ നിന്നു പോയതു മൂലമോ അയാളിൽ നിന്നും തിരിച്ചു പിടിക്കുക സാധ്യമല്ലെങ്കിൽ, പെൻഷണർ പെൻഷൻ പദ്ധതിപ്രകാരം നൽകിയിരുന്ന വാഗ്ദാനപത്ര പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഇ) അധികമായോ അബദ്ധത്തിലോ നൽകിയ തുകയുടെ വിശദവിവരങ്ങളും തിരിച്ചു പിടിക്കുന്ന രീതിയും പെൻഷണറെ ധരിപ്പിക്കേണ്ടതുമാണ്.

**അധികമായി നൽകിയ പെൻഷൻ തുക ഗവൺമെന്റിന് തിരിച്ചു നൽകൽ**

14. അധികമായോ അമിതമായോ എന്തെങ്കിലും തുക വിതരണം ചെയ്തതായി എപ്പോഴെങ്കിലും കണ്ടുപിടിക്കുന്ന പക്ഷം, അത് ഏജൻസി ബാങ്കിന്റെ ഭാഗത്തു നിന്നുമുള്ള ഒരു തെറ്റ് കാരണമെങ്കിൽ ഉടൻ തന്നെ ആ തുക മൊത്തമായി ഗവൺമെന്റ് അക്കൗണ്ടിലേയ്ക്ക് വരവ് വയ്ക്കേണ്ടതാണ്. അധിക/അമിത പെൻഷൻ വിതരണം ഗവൺമെന്റ് ബാങ്കുകളുടെ പിശകുകൾ മൂലമാണെങ്കിൽ അവ ദ്രുതഗതിയിൽ പരിഹരിക്കുന്നതിനായി അത്തരം സംഭവങ്ങളുടെ പൂർണമായ വിവരങ്ങൾ സഹിതം ബന്ധപ്പെട്ട ഗവൺമെന്റ് വകുപ്പുമായി കൈകാര്യം ചെയ്യേണ്ടതാണ്. ഏതു വിധമായാലും ഇത് സമയബന്ധിതമായി പൂർത്തിയാക്കേണ്ടുന്ന കാര്യമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് അധികാരികളിൽ നിന്നും ലഭിച്ച അക്നോളജ്മെന്റ് ബാങ്കിന്റെ രേഖകളിൽ സൂക്ഷിക്കേണ്ടതാണ്. അത്തരം സംഗതികൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഉപദേശം തേടാതെ തന്നെ ബാങ്കുകൾ ഗവൺമെന്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് കൈകാര്യം ചെയ്യേണ്ടതാണ്.

**വൃദ്ധരും രോഗികളും വികലാംഗരും അംഗഭംഗം സംഭവിച്ചവരുമായ പെൻഷ ണർമാർ പെൻഷൻ തുക പിൻവലിക്കുന്ന രീതി**

15. ബാങ്കുകളിൽ നിന്നും പെൻഷൻ തുക / ഫാമിലി പെൻഷൻ പിൻവലിക്കുന്നതിൽ രോഗികളും അംഗഭംഗം വന്നവരുമായ പെൻഷണർമാർ നേരിടുന്ന പ്രശ്നങ്ങൾ/പ്രയാസങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ഏജൻസി ബാങ്കുകൾ അത്തരം പെൻഷണർമാരെ താഴെപ്പറയും പ്രകാരം തരം തിരിക്കേണ്ടതാണ്.

(എ) ഒരു ചെക്ക് ഒപ്പിടുവാനോ ബാങ്കിൽ നേരിട്ട് വരുവാനോ സാധ്യമല്ലാത്ത വിധം അത്രയ്ക്ക് രോഗിയായ പെൻഷണർ.

(ബി) ബാങ്കിൽ നേരിട്ട് വരുവാൻ മാത്രമല്ല, ചില ശാരീരിക ന്യൂനത / പ്രാപ്തിക്കുറവ് കാരണമായി ചെക്കിലോ വിത്ത്ഡ്രോയൽ ഫോറത്തിലോ തള്ളവിരൽ പതിപ്പിക്കുവാൻ പോലും കഴിയാത്ത വിധ ത്തിൽ അവശനായ പെൻഷണർ.

16. അത്തരത്തിലുള്ള വയോധികരും രോഗികളും പ്രാപ്തിക്കുറവുള്ളവരുമായ പെൻഷണർമാർക്ക് അവരുടെ അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്താൻ പ്രാപ്തരാക്കുകയെന്ന ഉദ്ദേശത്തോടെ ബാങ്കുകൾ താഴെപ്പറയും പ്രകാരമുള്ള നടപടിക്രമം പിന്തുടരേണ്ടതാണ്.

(എ) വയോധികരും രോഗികളുമായ പെൻഷണർമാരുടെ തള്ളവിരലിന്റെയോ അല്ലെങ്കിൽ കാൽവിരലിന്റെയോ മുദ്ര എടുത്തു കഴിഞ്ഞാൽ ബാങ്കിന് അറിയാവുന്ന രണ്ട് സ്വതന്ത്ര

സാക്ഷികൾ മുദ്ര പെൻഷണറുടെ തന്നെയെന്ന് സ്ഥാപിക്കേണ്ടതാണ്. ഈ സാക്ഷികളിൽ ഒരാൾ ഉത്തരവാദ പ്പെട്ട ഒരു ബാങ്ക് ഉദ്യോഗസ്ഥ നായിരിക്കണം.

(ബി) പെൻഷണർക്ക് തന്റെ തള്ളവിരൽ/കാൽ വിരൽ മുദ്ര പതിപ്പിക്കാൻ പോലും കഴിയാത്ത് അവസ്ഥയിലാണെങ്കിലോ അതുമല്ല, ബാങ്കിൽ നേരിട്ട് ഹാജരാകാൻ പ്രാപ്തനല്ലെങ്കിലോ ചെക്കിലോ വിത്ത്ഡ്രോയൽ ഫോറത്തിലോ ഒരു അടയാളം ഇടുവിക്കുകയും അത് രണ്ട് സ്വതന്ത്ര സാക്ഷികൾ സ്ഥാപിക്കുകയും ചെയ്യണം. ഈ സാക്ഷികളിൽ ഒരാൾ ഉത്തരവാദപ്പെട്ട ഒരു ബാങ്ക് ഉദ്യോഗസ്ഥനായിരിക്കണം.

അപ്രകാരം, രോഗികളും അംഗഭംഗം സംഭവിച്ചവരുമായ പെൻഷണർമാർക്ക് ഈ സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ഈ വിഷയത്തിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുവാൻ ഏജൻസി ബാങ്കുകൾ അവരുടെ ശാഖകളോട് നിർദ്ദേശിക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്റ്റാഫംഗങ്ങളെ ബോധവൽക്കരിക്കുവാനും, എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഞങ്ങളുടെ വെബ്സൈറ്റ് www.rbi.org.in ൽ ഇട്ടിട്ടുള്ള പെൻഷൻ വിതരണത്തെക്കുറിച്ചുള്ള FAQ നോക്കി സംശയം തീർക്കുവാനും ബാങ്കുകളോട് നിർദ്ദേശിക്കുന്നു .

**വിതരണം ചെയ്യപ്പെട്ട പെൻഷൻ തുകയുടെ റീ ഇംമ്പേഴ്സ്മെന്റ്**

17. ഏജൻസി ബാങ്കുകളുടെ ലിങ്ക് ശാഖകൾ റീ ഇംമ്പേഴ്സ്മെന്റിനായുള്ള ക്ലെയിമുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സെൻട്രൽ അക്കൗണ്ട്സ് സെക്ഷൻ നാഗ്പൂർ/ സെൻട്രൽ/സ്റ്റേറ്റ് ഗവൺമെന്റ് പെൻഷൻ പെയ്മെന്റിനായുള്ള ഗവൺമെന്റ് ബാങ്കിങ് ഡിവിഷൻ റീജിയണൽ ഓഫീസ് എന്നിവയിലേയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

**പെൻഷണറുടെ മരണ ശേഷം ഐതർ ഓർ സർവൈവർ പെൻഷൻ അക്കൗണ്ടിന്റെ തുടർച്ച**

18. ജീവിത പങ്കാളി (ഫാമിലി പെൻഷണർ) തന്റെ ഫാമിലി പെൻഷൻ നിലവിലുള്ള ജോയിന്റ് അക്കൗണ്ടിൽ വരവ് വയ്ക്കാൻ ആഗ്രഹിക്കുന്ന പക്ഷം, ജീവിത പങ്കാളിയാണ് അതിജീവിച്ചയാൾ (സർവവർ) എങ്കിലോ, പെൻഷൻ പെയ്മന്റ് ഓഡറിൽ (പിപിഒ) അയാളുടെ പേരിൽ ഫാമിലി പെൻഷൻ നൽകാൻ പെൻഷണർ ചുമതലപ്പെടുത്തുകയും പെൻഷണ റോടൊപ്പം അയാൾ ഒരു ജോയിന്റ് അക്കൗണ്ട് പ്രവർത്തിപ്പിക്കുകയും ചെയ്തു വരികയായിരുന്നുവെങ്കിലോ ഒരു പുതിയ അക്കൗണ്ട് തുടങ്ങുവാൻ ബാങ്ക് നിർബന്ധിക്കുവാൻ പാടില്ല.

**ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ്**

19. നിലവിലുള്ള പെൻഷൻ പദ്ധതി പ്രകാരം പെൻഷണർമാർ ഓരോ വർഷവും നവംബറിൽ പെൻഷൻ വിതരണം ചെയ്യുന്ന ബാങ്കിൽ ഒരു ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. ഈ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാൻ പെൻഷണർമാർ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ കണക്കിലെടുത്തുകൊണ്ടും, ഈ പ്രയാസങ്ങൾ ദൂരീകരിക്കുവാനുമായി ആധാർ ബയോമെട്രിക് ഓതന്റിക്കേഷൻ അടിസ്ഥാനമാക്കി 'ജീവൻ പ്രമാൺ' എന്ന പേരിൽ 2014 നവംബർ 10ന് ഒരു ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ആരംഭിച്ചിട്ടുണ്ട്. ഗവൺമെന്റ് പെൻഷൻ വിതരണം ചെയ്യുന്ന എല്ലാ ഏജൻസി ബാങ്കുകളും ഈ പദ്ധതി നടപ്പിലാക്കാനും പ്രയോജനപ്പെടുത്തുവാനും ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും അവരുടെ ബന്ധപ്പെട്ട എല്ലാ ശാഖകൾക്കും പെൻഷൻ കൈകാര്യം ചെയ്യുന്ന സ്റ്റാഫിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. ഇത് കൂടാതെ, ബാങ്കുകളുടെ ശാഖകളിലൂടെയും വെബ്സൈറ്റ് തുടങ്ങിയ മറ്റ് മാർഗങ്ങളിലൂടെയും ഈ പദ്ധതിയെ കുറിച്ച് അവരുടെ പെൻഷണർമാരായ ഇടപാടുകാർക്കിടയിൽ അവബോധം സൃഷ്ടിക്കാനായുള്ള പ്രവർത്തനം നടത്തുകയും വേണം. ഇതിലുമുപരിയായി ബാങ്കുകൾ അവരുടെ വെബ്സൈറ്റിൽ ഇട്ടിട്ടുള്ള പെൻഷൻ വിതരണ പദ്ധതിയെക്കുറിച്ചുള്ള FAQ ഉചിതമായ രീതിയിൽ ഭേദഗതി ചെയ്യേണ്ടതും ജീവൻ പ്രമാൺ വെബ്സൈറ്റിലേക്ക് ഒരു ലിങ്ക് സ്ഥാപിക്കുകയും വേണം.

20. പെൻഷൻ വിതരണം ചെയ്യുന്ന ബാങ്കുകളിലെ കൗണ്ടറുകളിൽ സമർപ്പിച്ച ലൈഫ് സർട്ടിഫിക്കറ്റുകൾ തെറ്റായ സ്ഥാനത്ത് വച്ചു പോയി എന്ന കാരണത്താൽ മാസം തോറുമുള്ള പെൻഷൻ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നുണ്ടെന്ന പരാതികളുണ്ടായിട്ടുണ്ട്. പെൻഷണർമാർ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ ദുരീകരിക്കുന്നതിനായി നിയമാനു സൃതമായ കൈപ്പറ്റു ചീട്ട് ഒപ്പിട്ട് നൽകാൻ ഏജൻസി ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലൈഫ് സർട്ടിഫിക്കറ്റുകളുടെ കൈപ്പറ്റു ചീട്ട് ബാങ്കുകളുടെ സിബിഎസ്-ൽ ചേർക്കുവാനും സിസ്റ്റത്തിൽ നിന്നും തന്നെ കൈപ്പറ്റു ചീട്ട് പുറപ്പെടുവിക്കാനും നിർദ്ദേശം നൽകിയിരിക്കുന്നു. ഇത് രണ്ടു വിധത്തിൽ സഹായകരമാകും - പെൻഷണർമാർക്ക് കൈപ്പറ്റു ചീട്ട് ലഭിക്കുവാനും ബാങ്കുകൾക്ക് അവരുടെ രേഖകൾ തൽക്ഷണം പുതുക്കുവാനും ഈ മാർഗത്തിലൂടെ കഴിയുന്നു.

**വിതരണം ചെയ്ത അധികം പെൻഷൻ തുകയുടെ റീ ഇംബേഴ്സ്മെന്റിനായുള്ള ഏകജാലക സമ്പ്രദായം**

21. വിതരണം ചെയ്ത അധികം പെൻഷൻ റീ ഇംബേഴ്സ്മെന്റ് ക്ലെയിമുകളുടെ തീർപ്പാക്കലും പൊരുത്തപ്പെടുത്തലും വേഗത്തിലാക്കുവാനായി ഏകജാലക സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിന്റെ ഉദ്ദേശ്യം, റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾ തീർപ്പാക്കുന്ന പ്രക്രിയയിൽ കാലവിളംബം ഒഴിവാക്കുകയെന്നതും, ആർബിഐ ഓഫീസുകളുടെയോ അല്ലെങ്കിൽ എസ്ബിഐ/ അസോസിയേറ്റുകൾ (ജില്ലാ ആസ്ഥാനങ്ങളിൽ) എന്നിവയുടെയോ ഇടപെടലുകൾ കൂടാതെ തന്നെ പെൻഷൻ വിതരണം ചെയ്യുന്ന ഓരോ ബാങ്കിനെയും റീഇംബേഴ്സ്മെന്റ് തീർപ്പാക്കാൻ സ്വന്തം അവകാശത്തിൽ ഉത്തരവാദികളാക്കിത്തീർക്കു കയെന്നതാണ്.

22. ഈ സമ്പ്രദായപ്രകാരം, ഓരോ പൊതുമേഖല ബാങ്കുകളുടെയും ലിങ്ക് ശാഖകൾ പെൻഷൻ വിതരണത്തിന്റെ സംഗ്രഹം രണ്ട് പകർപ്പുകളിൽ എടുക്കുകയും, അതിൽ ഈ ലിങ്ക് ശാഖയോട് ബന്ധപ്പെട്ട എല്ലാ പെൻഷൻ വിതരണ ശാഖകളുടെയും എല്ലാ വിഭാഗം പെൻഷൻ വിതരണ കണക്കുകൾ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ലിങ്ക് ശാഖ ഓരോ മാസത്തിലെയും ഏഴാം തീയതിയോടെ ആവശ്യമായ രേഖകളും സംഗ്രഹ പത്രവും ചേർത്ത് പെൻഷൻ വിതരണം സ്ക്രോളിന്റെ ഒരു പകർപ്പ് ഗവൺമെന്റ് ബിസിനസ് കൈകാര്യം ചെയ്യുന്ന അവരുടെ ലോക്കൽഹെഡ് ഓഫീസ്/സോണൽ ഓഫീസ്/റീജിയണൽ ഓഫീസ് എന്നിവയിലേയേങ്കിലു മൊന്നിനോട് ബന്ധപ്പെട്ട നോഡൽശാഖയിലേക്ക് അയച്ചുകൊടുക്കുന്നു. ഈ അവശ്യത്തി ലേയ്ക്കായി ഓരോ പൊതുമേഖലാ ബാങ്കും ഒരു നോഡൽ ശാഖയെ അല്ലെങ്കിൽ ശാഖകളെ നാമനിർദ്ദേശം ചെയ്യേണ്ടതുണ്ട്. നോഡൽ ശാഖ/ശാഖകൾ അവരുടെ അധികാര പരിധിയിലുള്ള അവരുടെ ലിങ്ക് ശാഖകളിൽ നിന്നും ലഭിച്ച വിവരങ്ങൾ സ്ക്രോളുകൾ പരിശോധിച്ചതിനു ശേഷം സംയോജിപ്പിക്കുകയും പ്രതിദിന ഗവൺമെന്റ് ഡെബിറ്റ് സ്ക്രോളുകളുടെ ഒറിജിനലും പകർപ്പും എടുക്കുകയും ഒറിജിനിൽ കോപ്പി സ്ക്രോൾ, മറ്റ് രേഖകൾ എന്നിവയോടൊപ്പം നിത്യേനെ അവരുടെ ബന്ധപ്പെട്ട അക്കൗണ്ടിങ് അതോറിറ്റി (ഉദാ: സെൻട്രൽ ഗവൺമെന്റ് സിവിൽ പെൻഷണർമാരുടെ കാര്യത്തിൽ സിപിഎഒ) യ്ക്ക് അയച്ചു കൊടുക്കുകയും ചെയ്യും. അതോടൊപ്പം തന്നെ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും റീഇംബേഴ്സ്മെന്റ് ലഭിക്കുന്നതിനും സെറ്റിൽമെന്റ് പൂർത്തിയാക്കുന്നതിനുമായി നോഡൽ ശാഖ ഒരു ഡെയിലിമെമ്മോ (ഓരോ ധനകാര്യ വർഷത്തിനായും ക്രമ നമ്പർ ഇട്ടത്) യിലൂടെ നാഗ്പ്പൂരിലുള്ള (എസ്ബിഐ യുടെ കാര്യത്തിൽ ജിഎഡി) ലിങ്ക് സെല്ലിലേക്ക് അഡ്വൈസ് അയക്കുകയും ചെയ്യും. കണക്കുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലിനായി, നോഡൽ പോയിന്റ് ശാഖ തുടർന്നു വരുന്ന മാസത്തിന്റെ ആദ്യത്തെ ആഴ്ചയിൽ തീയതി ക്രമത്തിലുള്ള ഒരു പ്രതിമാസം സ്റ്റേറ്റ്മെന്റ് മൂന്ന് പകർപ്പുകളായി തയ്യാറാക്കും. ഈ സ്റ്റേറ്റ്മെന്റിൽ പ്രതിദിന ഗവൺമെന്റ് ഡെബിറ്റ്സ്ക്രോളുകൾ വഴി അക്കൗണ്ടിങ് അധികാരികൾക്ക് റിപ്പോർട്ട് ചെയ്ത തീയതി ക്രമത്തിലുള്ളതും നാഗ്പൂരിലെ ലിങ്ക് സെല്ലിലൂടെ മുൻമാസത്തിൽ നാഗ്പ്പൂരിലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സെൻട്രൽ അക്കൗണ്ട്സ് സെക്ഷനുമായി തീർപ്പാക്കിയതുമായ പെൻഷൻ വിതരണസ്ഥിതി രേഖപ്പെടുത്തിയിരിക്കും.

23. സെൻട്രൽ ഗവൺമെന്റ് സിവിൽ പെൻഷണർമാർക്ക് വിതരണം ചെയ്ത പെൻഷൻ തുകയുടെ റീഇംബേഴ്സ്മെന്റിനായി 2002 നവംബർ 1 മുതൽക്ക് ഏകജാലക സമ്പ്രദായം നടപ്പാക്കണമെന്ന് ഏക കണ്ഠ്യേന തീരുമാനിച്ചി രുന്നു. തുടർന്ന് ഡിഫൻസ് പെൻഷന്റെ റീ ഇംബേഴ്സ്മെന്റിനായി 2007 ഏപ്രിൽ 1 മുതൽക്കും ടെലികോം പെൻഷൻ പേയ്മെന്റുകൾക്കായി 2012 ഒക്ടോബർ 1 മുതൽക്കും, റയിൽവേ പെൻഷൻ പേയ്മെന്റുകൾക്കായി 2011 ഏപ്രിൽ 01 മുതൽക്കും ഏകജാലക സമ്പ്രദായം ഏർപ്പെടുത്തി. റീഇംബേഴ്സ്മെന്റ് അക്കൗണ്ടിങ്, ഡിഫൻസ്/റയിൽവേ/ടെലികോം പെൻഷൻ പേയ്മെന്റ് എന്നിവയ്ക്കായുള്ള നടപടിക്രമം സെൻട്രൽ സിവിൽ പെൻഷണർ മാരുടേതിന് സമാനമായിരിക്കും. എന്നാൽ റയിൽവേ പെൻഷനുകളുടെ റീ ഇംബേഴ്സ്മെന്റ് താഴെ കൂടുതലായി പറയുന്ന നിബന്ധനകൾക്ക് വിധേയ മായിരിക്കും.

(എ) പെൻഷൻ വിതരണശാഖയിലെ സ്ക്രോളിലെ ക്രമനമ്പർ തുടരെ ത്തുടരെയുള്ളതായിരിക്കും. ഏതെങ്കിലും സ്ക്രോൾ നമ്പർ ആവർത്തിക്കാനോ അല്ലെങ്കിൽ വിട്ടുകളയാനോ പാടില്ല.

(ബി) നോഡൽ ശാഖയിലെ സമ്മറി സ്ക്രോളിന്റെ പരിശോധന എപ്പോഴും ഒന്നു തന്നെയായിരിക്കും.

(സി) പെൻഷൻ അക്കൗണ്ടിങ് അതോറിറ്റി കേന്ദ്രത്തിൽ, ഡ്യൂപ്ലിക്കേറ്റ് സ്ക്രോൾ നമ്പരുകളിൽ രേഖപ്പെടുത്തപ്പെട്ട എന്തെങ്കിലും തുകയുണ്ടെങ്കിൽ, അവ പരിശോധിക്കുകയും ഈ തുകകൾ ഗവൺമെന്റ് അക്കൗണ്ടുകളിലേയ്ക്ക് തിരികെ ഇടാൻ ആർബിഐ-യോട് ആവശ്യപ്പെടുകയും ചെയ്യും.

(ഡി) റയിൽവേയുമായി അക്കൗണ്ട് പൊരുത്തപ്പെടുത്തുന്നതിലും പിശകുകൾ തീർപ്പാക്കുന്നതിലും നോഡൽ ശാഖകൾക്കായിരിക്കും ഉത്തരവാദിത്തം.

(ഇ) ഒരു ഒറ്റത്തവണ നിർവഹണമെന്ന രീതിയിൽ കൃത്യവും ത്വരിതവുമായി കണക്കു തീർപ്പാക്കലിനും പൊരുത്തപ്പെടുത്തലിനുമായി അധികാരപ്പെടുത്തപ്പെട്ട ബാങ്കുകൾ പൂർണമായ പോസ്റ്റൽ മേൽവിലാസം, പിൻകോഡ്, ബിഎസ്ആർ കോഡ് എന്നിവ സഹിതം നോഡൽ ശാഖതോറുമുള്ള പെൻഷൻ വിതരണ ശാഖ ഡയറക്ടറിയുടെ രൂപ ഘടന റയിൽവേ മന്ത്രാലയത്തിനും നാഗ്പൂരിലെ ആർബിഐ സെൻട്രൽ അക്കൗണ്ട്സ് സെക്ഷൻ (സിഎഎസ്) നിലയേ്ക്കും അയച്ചു കൊടുക്കേണ്ടതാണ്.

**ഡിഫൻസ് പെൻഷൻ വിതരണം**

(i) വ്യാജവും കൃത്രിമവുമായ പണം കൊടുക്കൽ

24. പെൻഷൻ വിതരണ ശാഖകൾ നിർദ്ദിഷ്ട പരിശോധന കൂടാതെ വ്യാജവും കൃത്രിമവുമായ പിപിഒ ഹാജരാക്കിയ ആൾമാറാട്ടക്കാർക്ക് ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ തുകകൾ നൽകിയ ചില സംഭവങ്ങൾ പിസിഡിഎ (പെൻഷൻ) ഓഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ വ്യാജ പെൻഷൻ പെയ്മെന്റ് ഓഡറുകൾ ഹാജരാക്കി കൃത്രിമമായ പണം കൊടുക്കലുകൾ ഒഴിവാക്കാനായി ഡിഫൻസ് പെൻഷൻ വിതരണ ശാഖകൾ പിസിഡിഎ (പെൻഷൻ) പുറപ്പെടുവിച്ചിട്ടുള്ള 'ഡിഫൻസ് പെൻഷൻ പെയ്മെന്റ് ഇൻസ്ട്രക്ഷൻസ്' ചൂണ്ടികാണിച്ചി രിക്കുന്ന നടപടിക്രമം കണിശമായി പിന്തുടരണമെന്ന് അഭ്യർത്ഥിക്കുന്നു.

(ii) പ്രഥമ പെൻഷൻ വിതരണം

25. പ്രഥമ പെൻഷൻ വിതരണ വേളയിൽ സ്ക്രോളുകളിൽ ഒന്നുകിൽ പിപിഒ - നമ്പർ രേഖപ്പെടുത്താതിരിക്കുകയോ അല്ലെങ്കിൽ തെറ്റായ പിപിഒ - നമ്പർ രേഖപ്പെടുത്തുകയോ ചെയ്തിരിക്കുന്നതായി കണ്ടിട്ടുണ്ട്. ഇത് പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധി ക്കുന്നത് പ്രയാസകരമാക്കുന്നു. കൂടാതെ ഡിഫൻസ് പെൻഷണർമാരുടെ പെൻഷൻ വിതരണത്തിൽ ഈ വിതരണം മുഖ്യപെൻഷൻ പെയ്മെന്റ് സ്ക്രോളിലും ഒപ്പം തന്നെ പതിവ് പ്രതിമാസ പെൻഷൻ വിതരണ സ് ക്രോളുകളിലും രേഖപ്പെടുത്തുന്നതായി കണ്ടിട്ടുണ്ട്. പെൻഷൻ വിതരണ ശാഖകളും ലിങ്ക് ശാഖകളും റീഇംബേഴ്സിങ് ശാഖകളും താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി കൂടുതൽ പ്രയോഗക്ഷമമായ ഒരു സമ്പ്രദായ നടപ്പാക്കണമെന്ന് നിർദ്ദേശിക്കുന്നു.

(എ) ആദ്യ തവണ പെൻഷൻ വിതരണം ചെയ്യുമ്പോൾ പെൻഷൻ വിതരണ ശാഖകൾ ഓരോ പെൻഷണറുടെയും കൃത്യമായ പിപിഒ നമ്പർ ഗ്രാറ്റുവിറ്റി തുക, കമ്മ്യൂട്ടേഷൻ തുക എന്നിവ ശ്രദ്ധാപൂർവം രേഖപ്പെടുത്തി സ്ക്രോളുകൾ തയ്യാറാക്കുകയും, അവ പ്രതിമാസാടിസ്ഥാനത്തിൽ പ്രത്യേകം സമർപ്പിക്കണ്ടേ തുമാണ്. പതിവ് പ്രതിമാസ പെൻഷൻ വിതരണ സക്രോളുകൾ പ്രത്യേകേ സമ്മറി ഷീറ്റുകളോടൊപ്പം സമർപ്പിക്കുന്നതിന് പുറമെയാണിത്.

(ബി) പെൻഷൻ വിതരണശാഖകൾ പതിവ് പ്രതിമാസ പെൻഷൻ വിതരണത്തിന്റെയും ഒപ്പം പ്രഥമ പെൻഷൻ വിതരണത്തിന്റെയും സമ്മറി ഷീറ്റുകൾ വെവ്വേറെ തയ്യാറാക്കണ്ടേതാണ്.

**റെയിൽവേ പെൻഷണർമാരുടെ പെൻഷൻ വിതരണം**

(i) വ്യാജവും കൃത്രിമവുമായ പണം കൊടുക്കൽ

26. ചില ഏജൻസി ബാങ്കുകൾ വ്യാജ പെൻഷൻ പേയ്മെൻ്റ് ഓർഡറുകൾ (പിപിഒ) ഹാജരാക്കുന്ന അനധികൃത വ്യക്തികൾക്ക് പെൻഷൻ/പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്ന സംഭവങ്ങൾ റയിൽവേ മന്ത്രാലയം കണ്ടുപിടിച്ചിട്ടുണ്ട്. അംഗീകൃത അധികാരിയുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്ത ഗണന പത്രികയെ ആധാരമാക്കുക, ഒപ്പം സ്ഥാപിതമായ നടപടി ക്രമം, പ്രത്യേകിച്ചും ബാങ്കുകൾ പിപിഒ-കൾ സ്വീകരിക്കുന്ന രീതി – പാലിക്കാതിരിക്കുക തുടങ്ങിയ നിർദ്ദിഷ്ട പരിശോധനകൾ പാലിക്കാതെ അത്തരം പെൻഷൻ വിതരണ ശാഖകൾ കൃത്രിമമായ പണം കൊടുക്കലുകൾ നടത്തുന്നുണ്ട്. ആയതിനാൽ വ്യാജ പെൻഷൻ പേയ്മെൻ്റ് ഓർഡറുകൾ ഹാജരാക്കി കൃത്രിമമായി പണം കൈപ്പറ്റുന്നത് ഒഴിവാക്കുവാനായി റയിൽവേ മന്ത്രാലയം (റെയിൽവേ ബോർഡ്) പുറപ്പെടുവിച്ചിട്ടുള്ള 'സ്കീം ഫോർ പേയ്മെൻ്റ് ഓഫ് റയിൽവേ പെൻഷൻ ത്രൂ പബ്ലിക് പെൻഷൻ ബാങ്ക്സ്' എന്ന മാർഗരേഖയിൽ പ്രസ്താവിച്ചിരിക്കുന്ന നടപടിക്രമം കണിശമായി പാലിക്കുവാൻ റെയിൽവേ പെൻഷൻ വിതരണ ശാഖകളോട് അഭ്യർത്ഥി ക്കുന്നു.

(ii) ഡ്യൂ ആൻ്റ് ഡ്രോൺ സ്റ്റേറ്റ്മെൻ്റ് വിതരണം

27. റെയിൽവേ പെൻഷണർമാരുടെ പെൻഷനിൽ എപ്പോഴെങ്കിലും ഒരു മാറ്റമോ പരിഷ്കരണമോ ഉണ്ടാകുമ്പോൾ, പെൻഷണർക്ക് അസൗകര്യം ഒഴിവാക്കാനായി റയിൽവേ പെൻഷണർമാർക്ക് നിർദ്ദിഷ്ട ഫോറത്തിലുള്ള 'ഡ്യൂ ആൻ്റ് ഡ്രോൺ സ്റ്റേറ്റ്മെൻ്റ്' നൽകുവാൻ എല്ലാ ഏജൻസി ബാങ്കുകളും അവരുടെ പെൻഷൻ വിതരണ ശാഖകൾക്ക് ഉചിതമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. (DGBA.GAD.No.H.2084/45.03.001/2009-10, തീയതി 2009 സെപ്തംബർ 01)

**ഉപഭോക്തൃ സേവനം**

28. പെൻഷൻ വിതരണത്തെക്കുറിച്ചുള്ള പ്രഭാകർ റാവു കമ്മിറ്റിയുടെ ശിപാർശകൾ പാലിക്കണമെന്ന് എല്ലാ ഏജൻസി ബാങ്കുകളും പെൻഷൻ ഇടപാടുകൾ നടത്തുന്ന അവരുടെ ശാഖകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. പരിശോധനാ ഓഫീസർമാർക്കും ഓഡിറ്റർമാർക്കും അനുബന്ധം I ൽ കൊടുത്തിരിക്കുന്ന ഇനങ്ങളെങ്കിലും ഉൾപ്പെടുത്തിയിട്ടുള്ള ഒരു ചെക്ക് ലിസ്റ്റ് നൽകേണ്ടതാണ്. ഏജൻസി ബാങ്കുകൾ അവരുടെ ഇൻ്റേണൽ ഓഡിറ്റർമാർക്കും ഇൻസ് പെക്ടർമാർക്കും ഉപഭോക്തൃ സേവനത്തിൻ്റെ ഗുണനിലവാരത്തെക്കുറിച്ചുള്ള അഭിപ്രായം അവരുടെ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തണമെന്ന നിർദ്ദേശം നൽകേണ്ടതാണ്. ഏജൻസി ബാങ്കുകൾ അവരുടെ ഇൻ്റേണൽ ഓഡിറ്റർമാർക്കും ഇൻസ്പെക്ടർമാർക്കും ഉപഭോക്തൃ സേവനത്തിൻ്റെ ഗുണനിലവാരത്തെക്കുറിച്ചുള്ള അഭിപ്രായം അവരുടെ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തണമെന്ന നിർദ്ദേശം നൽകേണ്ടതാണ്. ഈ റിപ്പോർട്ടുകൾ റിസർവ് ബാങ്കിൻ്റെ പരിശോധനാ അധികാരികൾ ബാങ്ക് ശാഖകൾ സന്ദർശിക്കുന്ന അവസരത്തിൽ അവർക്ക് ലഭ്യമാക്കേണ്ടതാണ്.

29. പെൻഷണർമാരുടെ ആവലാതികൾ പ്രത്യേകിച്ചും സെൻട്രലൈസ്ഡ് പെൻഷൻ പ്രോസസിങ് സെന്ററുകൾ (സിപിപിസി-കൾ) സ്ഥാപിതമായതിനു ശേഷം ശാഖാ തലത്തിൽ ശരിയാംവണ്ണം പരിഹരിക്കപ്പെടുന്നില്ല. പെൻഷണർമാർക്ക് തർക്കങ്ങളില്ലാതെയുള്ള സേവനം നൽകുന്നതിലേയ്ക്കായി പതിവായുള്ള പരസ്പര സമ്പർക്കത്തിനു വേണ്ടിയും ആവലാതികൾ തീർപ്പാക്കുന്നതിനു വേണ്ടിയും ഒരു വേദിയുണ്ടായിരിക്കണം. ആയതിനാൽ, പെൻഷണർമാരുടെ ആവലാതികൾ പരിഹരിക്കുന്ന കാര്യം കൃത്യമായ കാലയളവിൽ ശ്രദ്ധാപൂർവം നിരീക്ഷിക്കുന്നതിനായി ബാങ്കിന്റെ ഓരോ റീജിയണിലും/സോണിലും ഒന്നോ/രണ്ടോ നോഡൽ ഓഫീസർമാരെ ഏജൻസി ബാങ്കുകൾ നിയമിക്കുകയും ബന്ധപ്പെട്ട ജിഎം/സിജിഎം പ്രതിമാസ ഇടവേളകളിൽ സ്ഥിതി പുനരവലോകനം ചെയ്യുകയും വേണം.

30. സിപിപിസി-കൾക്ക് വെളിയിലുള്ള സ്ഥാനങ്ങളിൽ പെൻഷനുമായി ബന്ധപ്പെട്ട പരാതികൾ കേൾക്കാൻ നിയുക്തരായ നോഡൽ ഓഫീസർമാർ ഉണ്ടായിരിക്കണം. അവർ പെൻഷണർമാർക്ക് എളുപ്പത്തിൽ ബന്ധപ്പെടാവുന്നവരും, അവർ പെൻഷൻ അദാലത്തിന്റെ മാതൃകയിൽ അവരുടെ അധികാര പരിധിയിൽപ്പെട്ട വ്യത്യസ്ത സ്ഥലങ്ങളിൽ പതിവായി യോഗങ്ങൾ വിളിച്ചു ചേർക്കുകയും വേണം. ഓരോ ബാങ്കും പരിശീലനം സിദ്ധിച്ച വ്യക്തികൾ കൈകാര്യം ചെയ്യുന്ന ടോൾഫ്രീ ഡെഡിക്കേറ്റഡ് പെൻഷൻ ലൈൻ സ്ഥാപിക്കുകയും ഇതിലൂടെ സംശയങ്ങൾക്ക് മറുപടി നൽകാനും, ശ്രദ്ധിക്കാനും പരാതികൾ പരിഹരിക്കുവാനുമായി ഡാറ്റാബേസിലേയ്ക്ക് പ്രവേശനമുണ്ടായിരിക്കുകയും വേണം.

31. പരിഷ്ക്കരിച്ച പെൻഷനും കുടിശ്ശികയും ലഭിക്കുവാൻ അത്യധികം കാലതാമസമുണ്ടാകുന്നുവെന്ന അനേകം പരാതികൾ പെൻഷണർമാർ ഉന്നയിച്ചിരിക്കുന്നതിനെത്തുടർന്ന് ഏജൻസി ബാങ്കുകളോട് താഴെപ്പറയും പ്രകാരം നിർദ്ദേശിക്കുന്നു:

(എ) കൊടുക്കാനുള്ള തീയതിക്കു ശേഷമുള്ള കാലതാമസത്തിന് പ്രതിവർഷം 8 ശതമാനം എന്ന സ്ഥിരമായ നിരക്കിൽ പെൻഷൻ/കുടിശ്ശിക വരവ് വയ്ക്കുന്നതിൽ സംഭവിച്ച കാലതാമസത്തിന് പെൻഷൻ വിതരണ ബാങ്കുകൾ നഷ്ടപരിഹാരം നൽകണം. ഈ നഷ്ടപരിഹാരം പെൻഷണർമാരുടെ ഭാഗത്തു നിന്നും എന്തെങ്കിലും അവകാശവാദം ഉന്നയിക്കുന്നതിന് കാത്തു നിൽക്കാതെ ബാങ്കുകൾ സ്വയമേവ പെൻഷണറുടെ അക്കൗണ്ടിൽ വരവ് വയ്ക്കണം. 2008 ഒക്ടോബർ 1 മുതൽക്കുള്ള എല്ലാ വകയിലുമുള്ള പെൻഷൻ വിതരണത്തിന്റെയും കാര്യത്തിൽ പരിഷ്കരിച്ച പെൻഷൻ/പെൻഷൻ കുടിശ്ശിക വരവ് വയ്ക്കുന്ന അതേ ദിവസം തന്നെ നഷ്ടപരിഹാരവും വരവ് വയ്ക്കണം.

(ബി) പെൻഷണർമാർക്ക് അവരുടെ അടുത്ത മാസത്തെ പെൻഷൻ വിതരണത്തോടൊപ്പം തന്നെ ഗവൺമെന്റുകൾ പ്രഖ്യാപിക്കുന്ന പ്രയോജനങ്ങൾ ലഭിക്കുമാറ്, പെൻഷൻ നൽകുന്ന അധികാരികളിൽ നിന്നും പെൻഷൻ ഉത്തരവുകളുടെ പകർപ്പുകൾ പെട്ടെന്ന് തന്നെ നേരിട്ട് ലഭിക്കുന്നതിനാവശ്യമായ ഒരു സംവിധാനം ഒരുക്കണമെന്ന് പെൻഷൻ വിതരണ ബാങ്കുകളോട് നിർദ്ദേശിക്കുന്നു. റിസർവ് ബാങ്കിൽ നിന്നുള്ള നിർദ്ദേശങ്ങൾ ലഭിക്കാനായി കാത്തു നിൽക്കാതെ പെൻഷൻ വിതരണം നടത്തുകയും വേണം.

(സി) പെൻഷണർക്ക് തന്റെ പൗരാവകാശം നിഷേധിക്കപ്പെട്ടെന്ന തോന്നൽ ഉളവാകാത്ത വിധം ബാങ്ക് ശാഖ എപ്പോഴും അയാൾക്ക് സഹായാർത്ഥം സമീപിക്കാവുന്ന ഒരു സ്ഥാനമായി തുടരേണ്ടതാണ്.

(ഡി) പെൻഷൻ അക്കൗണ്ടുകളുള്ള എല്ലാ ശാഖകളും പെൻഷണർമാരെ ബാങ്കുമായുള്ള അവരുടെ എല്ലാ ഇടപാടുകളിലും സഹായിക്കുകയും മാർഗ ദർശനം ചെയ്യുകയും വേണം.

(ഇ) പെൻഷൻ കണക്കുകൂട്ടലുകളെ സംബന്ധിച്ച ഗണിത ശാസ്ത്രപരമായ കാര്യങ്ങളും മറ്റ് വിശദവിവരങ്ങളും പെൻഷണർമാർക്ക് ഇന്റർനെറ്റിലൂടെ ലഭ്യമാകുന്ന വിധം വെബ്ബിൽ ഇടുവാൻ ബാങ്കുകൾ അനുയോജ്യമായ സംവിധാനമൊരുക്കണം. അല്ലെങ്കിൽ നിശ്ചിത ഇടവേളകളിൽ ഇക്കാര്യങ്ങൾ ശാഖകളിൽ പ്രദർശിപ്പിക്കുകയും അത്തരം സംവിധാനത്തെക്കുറിച്ച് മതിയായ പ്രചാരണം നടത്തുകയും വേണം.

(എഫ്) ഏജൻസി കമ്മീഷൻ ലഭിക്കുവാൻ വേണ്ടി ബാങ്കുകൾ സമർപ്പിക്കുന്ന എല്ലാ ക്ലെയിമുകളോടുമൊപ്പം, പെൻഷൻ കുടിശ്ശികയൊന്നും പെൻഷണർമാർക്ക് നൽകാൻ ബാക്കിയില്ലെന്നും പതിവ് പെൻഷൻ/കുടിശ്ശിക വരവ് വയ്ക്കാൻ കാലതാമസമൊന്നു മുണ്ടായിട്ടില്ലെന്നും പ്രസ്താവിച്ചു കൊണ്ട് ബാങ്കിന്റെ ഈഡി/ഗവൺമെന്റ് ബിസിനസിന്റെ ചുമതലയുള്ള സിജിഎം നൽകുന്ന ഒരു സർട്ടിഫിക്കറ്റും ഹാജരാക്കണം.

ജി) പെൻഷൻ വിതരണം ചെയ്യുന്ന എല്ലാ ഏജൻസി ബാങ്കുകളും ദാക്ഷിണ്യത്തോടെയും അനുതാപത്തോടെയുമുള്ള ഉപഭോക്തൃ സേവനം പെൻഷണർമാർക്ക് - വിശേഷിച്ചും വയോധികരായ പെൻഷണർമാർക്ക് - നൽകണമെന്ന് നിർദ്ദേശിക്കുന്നു.

**പരിശീലനം**

32. പെൻഷൻ വിതരണപദ്ധതികളെയും ചട്ടങ്ങളെയും കുറിച്ച് സ്റ്റാഫിന്റെയിടയിൽ മെച്ചപ്പെട്ട അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി ബാങ്കുകൾ അവരുടെ ട്രെയിനിങ് സ്ഥാപനങ്ങൾ നടത്തുന്ന പരിശീലന പദ്ധതികളുടെ ഒരു അവിഭാജ്യഘടകമായി ഇക്കാര്യം ഉൾപ്പെടുത്തണേ്ടതാണ്.

33. പെൻഷൻ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ബാങ്കുദ്യോഗസ്ഥർക്കായി ബന്ധപ്പെട്ട ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുമായി കൂടിയാലോചിച്ച് പതിവായി പരിശീലനയോഗങ്ങൾ സംഘടിപ്പിക്കണേ്ടതാണ്.

**ഇന്റണേൽ/കൺകറന്റ് ഓഡിറ്റിനായി ഗവൺമന്റെ് ബിസിനസ് (പൻഷൻ കാര്യങ്ങൾ) മായി ബന്ധപ്പട്ടെ ചക്കെ് ലിസ്റ്റ്**

പൻഷണർമാരായ ഉപഭോക്താക്കൾക്ക് സവേനം നൽകുന്നതിൽ ശാഖയുടെ പ്രകടനം ഇന്റണേൽ ഇൻസ്പക്ടെർമാർ വിലയിരുത്തണ്ടേതാണ്. ഇക്കാര്യത്തിൽ താഴപ്പെറയുന്ന കാര്യങ്ങൾ ഉറപ്പു വരുത്തണ്ടേതുണ്ട്.

1. പൻഷൻ വിതരണം ചയ്യെുന്ന ശാഖകളുടെ ഇൻസ്പക്ഷെൻ വളേയിൽ ഉപയോഗിക്കുന്നതിനായി പൻഷൻ വിതരണവുമായി ബന്ധപ്പട്ടെ എല്ലാ വിഷയങ്ങളും ഉൾക്കൊള്ളുന്ന ഒരു പ്രത്യകേ ചോദ്യാവലി തയ്യാറാക്കണം.
2. ഇൻസ്പക്ഷെൻ ഓഫീസർമാർ അവരുടെ ഇൻസ്പക്ഷെൻ സമയത്ത് ഏതങ്കെിലും ക്രമം പാലിക്കാതെ പൻഷണർമാരെ വിളിച്ചു വരുത്തുകയും പൻഷൻ സംബന്ധമായ സവേനങ്ങളെ സംബന്ധിച്ച അവരുടെ സംതൃപ്തിയക്കെുറിച്ച് അന്വഷേിക്കുകയും കൂടി ചയ്യെണ്ടേ താണ്.
3. പൻഷൻ വിതരണം, ഗവൺമന്റെ് ബിസിനസ് എന്നിവയുമായി ബന്ധപ്പട്ടെ് ഭാരത സർക്കാർ രൂപീകരിച്ച പ്രഭാകർ റാവു കമ്മിറ്റിയുടെ ശിപാർശകൾ കർക്കശമായി പാലിക്കുന്നതിലയേക്കായി ബാങ്കുകൾ അവരുടെ ഇന്റണേൽ ഓഡിറ്റർമാർക്കും ഇൻസ് പക്ടെർമാർക്കും പൻഷൻ വിതരണം/ഗവൺമന്റെ് ബിസിനസ് എന്നിവയുമായി ബന്ധപ്പട്ടെ വിശദ മായ ഒരു ചക്കെ് ലിസ്റ്റ് നൽകണ്ടേതാണ്.

ഇവയിൽ താഴപ്പെറയുന്നവ ഉൾപ്പടെുന്നു:

(എ) പൻഷൻ വിതരണം പൻഷൻ പരിഷ്ക്കരണം, ഡിയർനസെ് റിലീഫ് പരിഷ്ക്കരണം മുതലായവയിൽ എന്തങ്കെിലും കാലവിളംബ മുണ്ടോയന്നെ്

(ബി) എല്ലാ ഗവൺമന്റെുകളുടെയും ഡിപ്പാർട്ട്മന്റെുകളുടെയും പൻഷണർമാർ ഒരു നിശ്ചിത സംഖ്യയിൽ - ഉദാഹരണത്തിന്, 100 അല്ലങ്കെിൽ 200 - കവിയുന്ന ബാങ്ക് ശാഖകളിൽ ശാഖാ മാനജേർ പാദവർഷാടിസ്ഥാനത്തിൽ പൻഷണർമാരുടെ ഒരു പരിഛദേ വുമായി കൃത്യമായ സമ്പർക്ക പരിപാടി നടത്തുന്നുണ്ടോയന്നെ്.

(സി) എല്ലാ പൻഷൻ അക്കൗണ്ടുകളിലും നോമിനഷേനുകൾ വാങ്ങിയിട്ടുണ്ടോയന്നെ്

(ഡി) പൻഷൻ അക്കൗണ്ടുകൾ ആവശ്യാനുസരണം ജോയിന്റ് അക്കൗണ്ടുകളായി പരിവർത്തനം ചയ്തെിട്ടുണ്ടോയന്നെ്.

(ഇ) ബാങ്ക് ശാഖയിൽ ഫലപ്രദമായ ഒരു പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുകയും പെൻഷണർമാരുടെ പരാതികൾ ഉടൻ തന്നെ പരിശോധിച്ച് അവരുടെ ആവലാതികൾ അവിളംബിതമായി പരിഹരിച്ചിട്ടുണ്ടോയെന്ന്.

എഫ്) ഏപ്രിൽ മാസത്തിന്റെ ആദ്യ പ്രവർത്തി ദിനത്തിൽ വരവ് വയ്ക്കേണ്ട മാർച്ച് മാസത്തെ പെൻഷന്റെ കാര്യത്തിലൊഴികെ പെൻഷൻ ഓരോ മാസത്തിന്റെയും അവസാനത്തെ നാല് പ്രവർത്തി ദിനങ്ങളിൽ പെൻഷണറുടെ അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ടോയെന്ന്.

(ജി) ഓരോ വർഷവും നവംബർ മാസത്തിൽ പെൻഷൻ വിതരണ ശാഖ പെൻഷണർമാരിൽ നിന്നും ലൈഫ് സർട്ടിഫിക്കറ്റ്/നോൺ-എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്/എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ടോയെന്ന്.

(എച്ച്) ബാധ്കമായിടത്തൊക്കെ പെൻഷൻ വിതരണത്തിൽ നിന്നും പെൻഷൻ വിതരണ ശാഖകൾ ആദായ നികുതി ഉത്ഭവസ്ഥാനത്ത് നിന്നും കിഴിച്ചിട്ടുണ്ടോയെന്ന്.

(ഐ) നികുതി ശേഖരിക്കുന്ന ശാഖകൾ അവർക്ക് കിട്ടുന്ന ചെക്കുകൾക്ക് രസീതായി കടലാസ് ടോക്കണുകൾ സ്ഥിരമായി നൽകുന്നുണ്ടോയെന്ന്.

(ജെ) ചെല്ലാനുകൾ നൽകുമ്പോൾ അവയിൽ ബാങ്കിന്റെ ബിഎസ്ആർ കോഡും ചെല്ലാൻ ഐഡന്റിഫിക്കേഷൻ നമ്പരും (സിഐഎൻ) പതിപ്പിച്ചിട്ടുണ്ടോയെന്ന്.

(കെ) മുദ്രപതിപ്പിച്ച ചെല്ലാനുകൾ ബാങ്ക്സ്റ്റാഫിന്റെ ഭദ്രമായ സൂക്ഷിപ്പിലാണോയെന്നും, അവ കടലാസ് ടോക്കണുകൾ ഹാജരാക്കുമ്പോൾ മാത്രമാണ് ബന്ധപ്പെട്ട നികുതിദായകന് നൽകുന്നതെന്നും ഉറപ്പ് വരുത്തുന്നുണ്ടോയെന്ന്.

മാസ്റ്റർ സർക്കുലറിൽ സംയോജിപ്പിച്ചിരിക്കുന്ന സർക്കുലറുകളുടെ പട്ടിക

| നം. | സർക്കുലർ നമ്പർ | തീയതി | വിഷയം |
|---|---|---|---|
| 1 | ഡിജിബിഎ(എൻബിഎസ്) നം.44/ജിഎ.64 (11-സിവിഎൽ) 90/91 | 18.04.1991 | പൊതുമേഖലാ ബാങ്കുകൾ മുഖേന സെൻട്രൽ സിവിൽ/ഡിഫൻസ്/ റെയിൽവേ പെൻഷണർമാർക്ക് പെൻഷൻ നൽകുന്ന പദ്ധതി - അധികമായോ അബദ്ധവശാലോ പെൻഷണർമാർക്ക് നൽകിയ പണം തിരിച്ചു പിടിക്കൽ |
| 2 | ഡിജിബിഎ (എൻബിഎസ്) നം.50/ജിഎ.64 (11സിവിഎൽ) 90/91 | 06.05.1991 | പൊതുമേഖലാ ബാങ്കുകൾ മുഖേന സെൻട്രൽ സിവിൽ/ഡിഫൻസ്/ റെയിൽവേ പെൻഷണർമാർക്ക് പെൻഷൻ നൽകുന്ന പദ്ധതി - അധികമായോ അബദ്ധവശാലോ പെൻഷണർമാർക്ക് നൽകിയ പണം തിരിച്ചു പിടിക്കൽ |
| 3 | ഡിജിബിഎ.ജിഎഡി.നം.179/45.01.001 /2001-02 | 17.08.2001 | കേന്ദ്ര ഗവൺമെന്റ് പെൻഷണർമാർക്ക് പൊതുമേഖലാ ബാങ്കുകൾ മുഖേന നൽകിയ പെൻഷൻ വിതരണ തുകയുടെ റീബേഴ്സ്മെന്റ് - ഏക ജാലക സമ്പ്രദായം |
| 4 | ഡിജിബിഎ.ജിഎഡി.നം.130/45.01.001 /2002-03 | 30.08.2002 | കേന്ദ്ര ഗവൺമെന്റ് സിവിൽ പെൻഷണർമാർക്ക് പൊതുമേഖലാ ബാങ്കുകൾ മുഖേന വിതരണം ചെയ്ത പെൻഷൻ തുകയുടെ റീഇംബേഴ്സ് മെന്റിനായുള്ള ഏകജാലക സമ്പ്രദായം |
| 5 | ഡിജിബിഎ.ജിഎഡി.നം.എച്ച്-416/45.01.003/2002-03 | 21.03.2003 | സ്റ്റേറ്റ് ഗവൺമെന്റ് പെൻഷണർമാരുടെ ഡിയർനെസ് റിലീഫ് (ഡിആർ) സംബന്ധിച്ച ഗവൺമെന്റ് ഉത്തരവുകൾ സ്റ്റേറ്റ് ഗവൺമെന്റുകളുടെ വെബ്സൈറ്റുകളിൽ ലോഡ് ചെയ്യൽ |
| 6 | ഡിജിബിഎ.ജിഎഡി.നം.എച്ച-506/45.01.001/2002-03 | 12.04.2003 | പൊതുമേഖലാ ബാങ്കുകൾ മുഖേനയുള്ള ഗവൺമെന്റ് പെൻഷണർമാരുടെ പെൻഷൻ വിതരണം - പെൻഷണർമാർക്ക് ഡിയർനെസ് റിലീഫ് (ഡിആർ) വിതരണം ചെയ്യുന്നതിലൂടെയുള്ള കാലതാമസം ചുരുക്കുവാൻ ഗവൺമെന്റ് സ്വീകരിച്ച് നടപടികൾ - ഡിയർനെസ് റിലീഫ് തുടങ്ങിയവയെ സംബന്ധിച്ച ഗവൺമെന്റ് ഉത്തരവുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിലൂടെ അയച്ചു കൊടുക്കുന്നതിന് വിരാമം. |
| 7 | ഡിജിബിഎ.ജിഎഡി.നം.770/45.1.003/ 2003-04 | 25.02.2004 | പെൻഷൻ സർക്കുലറുകൾ ആർബിഐയുടെ വെബ്സൈറ്റിൽ ലോഡ് ചെയ്യൽ |
| 8 | ഡിജിബിഎ.ജിഎഡി.നം.എച്ച-94/45.05.031/2004-05 | 24.08.2004 | ഫോം 'എ' യിലും 'ബി' യിലുമുള്ള നോമിനേഷനുകളുടെ സ്വീകാരം - സെൻട്രൽ സിവിൽ / റെയിൽവേ പെൻഷൻ |
| 9 | ഡിജിബിഎ.ജിഎഡി.നം.612-644/45.01.001/2004-05 | 07.10.2004 | സെൻട്രൽ ഡെപ്യൂട്ടേഷനിലിരിക്കവെ ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ നിന്നും റിട്ടയർ ചെയ്യുന്ന ഓൾ ഇന്ത്യ സർവീസ് |

| | | | |
|---|---|---|---|
| | | | ഓഫീസർമാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന നടപടിക്രമം നടപ്പാക്കൽ |
| 10 | ഡിജിബിഎ.ജിഎഡി.നം867-899/45.02.001/2004-05 | 18.10.2004 | പൊതുമേഖലാ ബാങ്കുകൾ മുഖേന ഡിഫൻസ് പെൻഷണർമാർക്ക് പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതി - പെൻഷൻ വിതരണ സ്ക്രോളുകൾ സമർപ്പിക്കുന്നതിലുള്ള കാലവിളംബവും വ്യാജവും കൃത്രിമവുമായ പെൻഷൻ വിതരണം ഒഴിവാക്കാനുമുള്ള നടപടികൾ |
| 11 | ഡിജിബിഎ.ജിഎഡി.നം.എച്ച-3611/45.03.002/2005-06 | 10.10.2005 | ഫോം 'എ' യിലും 'ബി'യിലുമുള്ള നോമിനേഷനുകളുടെ സ്വീകാരം - സെൻട്രൽ സിവിൽ/റയിൽവേ പെൻഷൻ |
| 12 | ഡിജിബിഎ.ജിഎഡി.നം.എച്ച്-3389-3421/45.02.001/2004-05 | 06.01.2005 | റയിൽവേ പെൻഷണർമാർക്ക് പൊതുമേഖലാ ബാങ്കുകൾ മുഖേന പെൻഷൻ വിതരണം ചെയ്യാനുള്ള പദ്ധതി - കൃത്രിമമായ പെൻഷൻ വിതരണം ഒഴിവാക്കാനുള്ള നടപടികൾ |
| 13 | ഡിജിബിഎ.ജിഎഡി.നം.എച്ച്.3452-3485/45.01.001/2004-05 | 11.01.2005 | സെൻട്രൽ സിവിൽ പെൻഷൻ വിതരണം - പെൻഷൻ പേയ്മെന്റ് ഓഡറിന്റെ രണ്ടു പകുതികളിലും ഡിയർനെസ് പെൻഷൻ രേഖപ്പെടുത്തൽ |
| 14 | ഡിജിബിഎ.ജിഎഡി.നം.6073/45.05.031/2004-05 | 30.05.2005 | ഏജൻസി ബാങ്കുകൾ മുഖേനയുള്ള റയിൽവേ പെൻഷൻ വിതരണം |
| 15 | ഡിജിബിഎ.ജിഎഡി.നം.എച്ച്.-10746/45.03.001/2005-06 | 24.01.2006 | പൊതുമേഖലാ ബാങ്കുകൾ മുഖേന റയിൽവേ പെൻഷണർമാർക്ക് പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതി - റയിൽവേ മന്ത്രാലയം ഏഴ് പുതിയ സോണുകളിൽ എഫ്എ&സിഎഓ മാരെ നിയമിക്കുന്നു. |
| 16 | ഡിജിബിഎ.ജിഎഡി.നം.11303/45.01.003/2005-06 | 06.02.2006 | പൊതുമേഖലാ ബാങ്കുകൾ മുഖേനയുള്ള പെൻഷൻ വിതരണം - ഡിയർനെസ് റിലീഫ് (ഡിആർ) വിതരണം. |
| 17 | ഡിജിബിഎ.ജിഎഡി.നം.12736/45.03.001/2005-06 | 24.02.2006 | അംഗീകൃത ബാങ്കുകൾ മുഖേനയുള്ള പെൻഷൻ വിതരണം - പെൻഷണർ തന്റെ ജീവിത പങ്കാളിയുമായി ചേർന്ന് ഇടപാടുകൾ നടത്തുന്ന ജോയിന്റ് ബാങ്ക് അക്കൗണ്ടിൽ പെൻഷൻ വരവ് വയ്ക്കൽ. |
| 18 | ഡിജിബിഎ.ജിഎഡി.നം.എച്ച്-2134/45.02.001/2006-07 | 04.08.2006 | അംഗീകൃത ബാങ്കുകൾ മുഖേനയുള്ള പെൻഷൻ വിതരണം - പെൻഷണർ തന്റെ ജീവിത പങ്കാളിയുമായി ചേർന്ന് ഇടപാടുകൾ നടത്തുന്ന ജോയിന്റ് ബാങ്ക് അക്കൗണ്ടിൽ പെൻഷൻ വരവ് വയ്ക്കൽ. |
| 19 | ഡിജിബിഎ.ജിഎഡി.നം.6926/45.05.005/2006-07 | 30.10.2006 | പൊതുമേഖലാ ബാങ്കുകൾ മുഖേന വെസ്റ്റ് ബംഗാൾ (പാർട്ട്-എ) ഗവൺമെന്റ് പെൻഷണർമാർക്ക് പെൻഷൻ തന്റെ ജീവിത പങ്കാളിയുമായി ചേർന്ന് ഇടപാടുകൾ നടത്തുന്ന ജോയിന്റ് ബാങ്ക് അക്കൗണ്ടിൽ പെൻഷൻ വരവ് വയ്ക്കൽ |
| 20 | ഡിജിബിഎ.ജിഎഡി.എച്ച്- | 09.01.2007 | പെൻഷൻ സ്ലിപ്പ് വിതരണം |

| | | | |
|---|---|---|---|
| | 10975/45.05.031/2006-07 | | |
| 21 | ഡിജിബിഎ.ജിഎഡി.നം.എച്ച്-13834/45.02.001/2006-07 | 13.03.2007 | വിതരണം ചെയ്ത ഡിഫൻസ് പെൻഷൻ റീം ഇംബേഴ്സ്മെന്റിനായുള്ള ഏക ജാലക സമ്പ്രദായത്തിന്റെ അവതരണം |
| 22 | ഡിജിബിഎ.ജിഎഡി.നം.എച്ച്-14279/45.05.024/2006-07 | 23.03.2007 | പൊതുമേഖലാ ബാങ്കുകൾ മുഖേന അരുണാചൽ പ്രദേശ് ഗവൺമെന്റ് പെൻഷണർമാർക്കുള്ള പെൻഷൻ വിതരണം |
| 23 | ഡിജിബിഎ.ജിഎഡി.നം.എച്ച്-17663/45.05.031/2006-07 | 12.06.2007 | പൊതുമേഖലാ ബാങ്കുകൾ മുഖേനയുള്ള സെൻട്രൽ ഗവൺമെന്റ് പെൻഷൻ വിതരണം - ഡിഫൻസ് പെൻഷണർമാർക്കുള്ള പെൻഷൻ സ്ലിപ്പ് വിതരണം |
| 24 | ഡിജിബിഎ.ജിഎഡി.നം.എച്ച്-3856/45.05.031/2007-08 | 08.10.2007 | പൊതുമേഖലാ ബാങ്കുകൾ മുഖേനയുള്ള സെൻട്രൽ ഗവൺമെന്റ് പെൻഷൻ വിതരണം - റെയിൽവേ പെൻഷണർമാർക്കുള്ള പെൻഷൻ സ്ലിപ്പ് വിതരണം |
| 25 | ഡിജിബിഎ.ജിഎഡി.നം.7570/45.05.018/2007-08 | 15.01.2008 | പൊതുമേഖലാ ബാങ്കുകൾ മുഖേന അസം ഗവൺമെന്റ് പെൻഷണർമാർക്കുള്ള പെൻഷൻ വിതരണം - പെൻഷണർ തന്റെ ജീവിത പങ്കാളിയുമായി ചേർന്ന് ഇടപാടുകൾ നടത്തുന്ന ജോയിന്റ് ബാങ്ക് അക്കൗണ്ടിൽ പെൻഷൻ വരവ് വെയ്ക്കൽ |
| 26 | ഡിജിബിഎ.ജിഎഡി.നം.11653/45.05.013/2007-08 | 06.05.2008 | അംഗീകൃത ബാങ്കുകൾ മുഖേനയുള്ള പെൻഷൻ വിതരണം - ഒരു പെൻഷണറുടെ ജോയിന്റ് അക്കൗണ്ടിൽ പെൻഷൻ വരവ് വെയ്ക്കൽ |
| 27 | ഡിജിബിഎ.ജിഎഡി.നം.എച്ച്.12499/45.05.010/2007-08 | 04.06.2008 | പൊതുമേഖലാ ബാങ്കുകൾ മുഖേനയുള്ള ഉത്തർപ്രദേശ് ഗവൺമെന്റ് പെൻഷണർമാരുടെ പെൻഷൻ വിതരണം - ഒരു പെൻഷണർ തന്റെ ജീവിത പങ്കാളിയുമായി ചേർന്ന് ഇടപാടുകൾ നടത്തുന്ന ജോയിന്റ് അക്കൗണ്ടിൽ പെൻഷൻ വരവ് വെയ്ക്കൽ |
| 28 | ഡിജിബിഎ.ജിഎഡി.നം.എച്ച്.12656/45.05.010/2007-08 | 05.06.2008 | പൊതുമേഖലാ ബാങ്കുകൾ മുഖേനേ ഉത്തരാഖണ്ഡ് ഗവൺമെന്റ് പെൻഷണർ മാർക്ക് പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതി - ഒരു പെൻഷണർ ഫാമിലി പെൻഷണറുമായോ നോമിനിയുമായോ ചേർന്ന് ഇടപാടുകൾ നടത്തുന്ന ജോയിന്റ് അക്കൗണ്ടിൽ പെൻഷൻ വരവ് വെയ്ക്കൽ |
| 29 | ഡിജിബിഎ.ജിഎഡി.നം.എച്ച്.12704/45.05.005/2007-08 | 11.06.2008 | പെൻഷൻ സ്ലിപ്പ് വിതരണം |
| 30 | ഡിജിബിഎ.ജിഎഡി.നം.എച്ച്.13024/45.05.006/2007-08 | 24.06.2008 | പൊതുമേഖലാ ബാങ്കുകൾ മുഖേന ഒഡീഷ ഗവൺമെന്റ് പെൻഷണർമാർക്ക് പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതി - ഒരു പെൻഷണർ തന്റെ ജീവിത പങ്കാളിയുമായി ചേർന്ന് ഇടപാടുകൾ നടത്തുന്ന ജോയിന്റ് ബാങ്ക് അക്കൗണ്ടിൽ പെൻഷൻ വരവ് വെയ്ക്കൽ |
| 31 | ഡിജിബിഎ.ജിഎഡി.നം.924/45.05.012/2008-09 | 23.07.2008 | പെൻഷൻ സ്ലിപ്പ് വിതരണം |

| | | | |
|---|---|---|---|
| 32 | ഡിജിബിഎ.ജിഎഡി.നം.എച്ച്-1917/45.04.001/2008-09 | 21.08.2008 | അംഗീകൃത ബാങ്കുകൾ മുഖേന ടെലികോം പെൻഷണർമാർക്ക് പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതി - ഒരു പെൻഷണർ തന്റെ ജീവിത പങ്കാളിയുമായി ചേർന്ന് ഇടപാടുകൾ നടത്തുന്ന ജോയിന്റ് ബാങ്ക് അക്കൗണ്ടിൽ പെൻഷൻ വരവ് വയ്ക്കൽ |
| 33 | ഡിജിബിഎ.ജിഎഡി.നം.1918/45.05.016/2008-09 | 21.08.2008 | അംഗീകൃത ബാങ്കുകൾ മുഖേന ആന്ധ്ര പ്രദേശ് ഗവൺമെന്റ് പെൻഷണർമാർക്ക് പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതി - ഒരു പെൻഷണർ തന്റെ ജീവിത പങ്കാളിയുമായി ചേർന്ന് ഇടപാടുകൾ നടത്തുന്ന ജോയിന്റ് പെൻഷൻ അക്കൗണ്ടിൽ പെൻഷൻ വരവ് വയ്ക്കൽ |
| 34 | ഡിജിബിഎ.ജിഎഡി.നം.എച്ച്-3085/45.01.001/2008-09 | 01.10.2008 | ഉപഭോക്തൃ സേവനത്തെക്കുറിച്ചുള്ള പ്രഭാകർ റാവു കമ്മിറ്റി ശിപാർശകൾ - പെൻഷൻ വിതരണം |
| 35 | ഡിജിബിഎ.ജിഎഡി.നം.2090/45.05.015/2009-10 | 01.09.2009 | പെൻഷൻ സ്ലിപ്പ് വിതരണം |
| 36 | ഡിജിബിഎ.ജിഎഡി.നം.എച്ച്-7652/45.05.031/2008-09 | 03.03.2009 | പൊതുമേഖലാ ബാങ്കുകൾ മുഖേന സെൻട്രൽ ഗവൺമെന്റ് സിവിൽ/ഡിഫൻസ്/റയിൽവേ/ടെലികോം/സ്വാതന്ത്ര്യ സമര സേനാനികൾ/ സ്റ്റേറ്റ് ഗവൺമെന്റ് പെൻഷണർമാർ എന്നിവർക്ക് പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതി - പൊതുമേഖലാ ബാങ്കുകൾ പല ഘട്ടങ്ങളായി നടത്തുന്ന പെൻഷൻ വിതരണം |
| 37 | ഡിജിബിഎ.ജിഎഡി.നം.എച്ച്-9326/44.01.001/2008-09 തീയതി ഏപ്രിൽ | 29.04.2009 | പെൻഷൻ സ്ലിപ്പ് വിതരണം - ഏജൻസി ബാങ്കുകളുടെ പെൻഷൻ വിതരണശാഖകൾ നടത്തുന്ന പെൻഷൻ പേയ്മെന്റ് ഓർഡർ നാളീകരണം |
| 38 | ഡിജിബിഎ.ജിഎഡി.നം.എച്ച്-10450/45.03.001/2008-09 | 01.06.2009 | അധികമായി വിതരണം ചെയ്ത പെൻഷൻ തിരിച്ചുപിടിക്കലും ഗവൺമെന്റ് അക്കൗണ്ടിലേയ്ക്ക് മടക്കി കൊടുക്കലും |
| 39 | ഡിജിബിഎ.ജിഎഡി.നം.എച്ച്-2434/45.05.031/2009-10 | 15.09.2009 | അധികമായി വിതരണം ചെയ്ത പെൻഷൻ തിരിച്ചുപിടിക്കലും ഗവൺമെന്റ് അക്കൗണ്ടിലേക്ക് മടക്കി കൊടുക്കലും |
| 40 | ഡിജിബിഎ.ജിഎഡി.നം.എച്ച്-2084/45.03.001/2009-10 | 01.09.2009 | പൊതുമേഖലാ ബാങ്കുകൾ മുഖേന റയിൽവേ പെൻഷണർ മാർക്ക് പെൻഷൻ വിതരണം - ഡ്യൂ ആന്റ് ഡ്രോൺ സ്റ്റേറ്റ്മെന്റ് വിതരണം. |
| 41 | ഡിജിബിഎ.ജിഎഡി.നം.എച്ച്-3194/45.01.001/2009-10 | 14.10.2009 | പൊതുമേഖലാ ബാങ്കുകൾ മുഖേന സെൻട്രൽ സിവിൽ/ഡിഫൻസ്/ റയിൽവേ/ടെലികോം പെൻഷണർമാർ/ സ്വാതന്ത്ര്യ സമര സേനാനികൾ/സ്റ്റേറ്റ് ഗവൺമെന്റുകളുടെ പെൻഷണർമാർ എന്നിവർക്കുള്ള പെൻഷൻ വിതരണം - വയോധികർ/ രോഗികൾ/വികലാംഗർ/ അംഗഭംഗം വന്നവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന പെൻഷനർ മാർക്ക് പെൻഷൻ തുക പിൻവലിക്കാനുള്ള സൗകര്യം. |
| 42 | ഡിഒ.നം.സി.എസ്.ഡി.സി.ഒ./8793/13.0 | 09.04.2010 | സെൻട്രൽ/സ്റ്റേറ്റ് ഗവൺമെന്റ് |

| | | | |
|---|---|---|---|
| | 1.001/2009-10 | | പെൻഷണർമാർക്ക് ഏജൻസി ബാങ്കുകൾ മുഖനേയുള്ള പെൻഷൻ വിതരണം - കാലവിളംബത്തിനുള്ള നഷ്ടപരിഹാരം. |
| 43 | ഡിജിബിഎ.ജിഎഡി.നം.എച്ച്-46/45.01.001/2010-11 | 02.07.2010 | സെൻട്രൽ/സ്റ്റേറ്റ് ഗവൺമെന്റ് പെൻഷണർ മാർക്ക് ഏജൻസി ബാങ്കുകൾ മുഖനേയുള്ള പെൻഷൻ വിതരണം - കാലവിളംബരത്തിനുള്ള നഷ്ട പരിഹാരം |
| 44 | ഡിജിബിഎ.ജിഎഡി.നം.എച്ച്-6212 & 6213/45.01.001/2010-11 | 11.03.2011 | സെൻട്രൽ/സ്റ്റേറ്റ് ഗവൺമെന്റ് പെൻഷണർമാർക്ക് ഏജൻസി ബാങ്കുകൾ മുഖനേയുള്ള പെൻഷൻ വിതരണം - കാലവിളംബത്തിനുള്ള നഷ്ടപരിഹാരം |
| 45 | ഡിജിബിഎ.ജിഎഡി.നം.എച്ച്-6493/45.03.001/2010-11 | 21.03.2011 | വിതരണം ചെയ്ത റയിൽവേ പെൻഷൻ റീഇംബഴ്സ്മെന്റിനായി ഏകജാലക സമ്പ്രദായത്തിന്റെ അവതരണം |
| 46 | ഡിജിബിഎ.ജിഎഡി.നം.എച്ച്-74/45.03.001/2011-12 | 05.07.2011 | വിതരണം ചെയ്ത റയിൽവേ പെൻഷൻ റീഇംബഴ്സ്മെന്റിനായി ഏകജാലക സമ്പ്രദായത്തിന്റെ അവതരണം |
| 47 | ഡിജിബിഎ.ജിഎഡി.നം.എച്ച്-6581/45.03.001/2011-12 | 09.04.2012 | പൊതുമേഖലാ ബാങ്കുകൾ മുഖനേയുള്ള റയിൽവേ പെൻഷൻ വിതരണത്തിലെ ക്രമക്കേടുകൾ |
| 48 | ഡിജിബിഎ.ജിഎഡി.നം.എച്ച്-6760 & 6762/5.01.001/2011-12 | 13.04.2012 | സെൻട്രൽ/സ്റ്റേറ്റ് ഗവൺമെന്റ് പെൻഷണർമാർക്ക് ഏജൻസി ബാങ്കുകൾ മുഖനേയുള്ള പെൻഷൻ വിതരണം - കാലവിളംബത്തിനുള്ള നഷ്ടപരിഹാരം |
| 49 | ഡിജിബിഎ.ജിഎഡി.നം.എച്ച്-8024 & 826/45.03.001/2011-12 | 06.06.2012 | വിതരണം ചെയ്ത റയിൽവേ പെൻഷൻ റീഇംബഴ്സ്മെന്റിനായി ഏകജാലക സമ്പ്രദായത്തിന്റെ അവതരണം. |
| 50 | ഡിജിബിഎ.ജിഎഡി.നം.എച്ച്-8042/45.01.001/2011-12 | 07.06.2012 | ഏജൻസി ബാങ്കുകൾ മുഖനേ സെൻട്രൽ/സ്റ്റേറ്റ് ഗവൺമെന്റ് പെൻഷൻ വിതരണം - വിതരണം ചെയ്ത പെൻഷൻ തുകയുടെ റീഇംബഴ്സ്മെന്റിനായുള്ള ക്ലെയിം തീർപ്പാക്കൽ |
| 51 | ഡിജിബിഎ.ജിഎഡി.നം.എച്ച്-562&563/45.03.001/2012-13 | 27.07.2012 | വിതരണം ചെയ്ത റയിൽവേ പെൻഷൻ തുകയുടെ റീഇംബഴ്സ്മെന്റിനായുള്ള ക്ലെയിം തീർപ്പാക്കലിനായി ഏകജാലക സമ്പ്രദായത്തിന്റെ അവതരണം. |
| 52 | ഡിജിബിഎ.ജിഎഡി.നം.എച്ച്-1594/45.04.001/2012-13 | 14.09.2012 | വിതരണം ചെയ്ത ടെലികോം പെൻഷൻ റീഇംബഴ്സ്മെന്റിനായി ഏകജാലക സമ്പ്രദായത്തിന്റെ അവതരണം |
| 53 | ഡിജിബിഎ.ജിഎഡി.നം.എച്ച്-5443/45.04.001/2012-13 | 19.03.2013 | വിതരണം ചെയ്ത ടെലികോം പെൻഷൻ റീഇംബഴ്സ്മെന്റിനായി ഏകജാലക സമ്പ്രദായത്തിന്റെ അവതരണം |
| 54 | ഡിജിബിഎ.ജിഎഡി.നം.എച്ച്-7386/45.01.001/2012-13 | 03.06.2013 | സെൻട്രൽ ഗവൺമെന്റ് പെൻഷണർമാർക്കുള്ള പെൻഷൻ വിതരണം-ഒരു പെൻഷണറുടെ മരണ ശഷേം പെൻഷൻ അക്കൗണ്ടിലെ ഐതർ ഓർ സർവൈവർ മാൻഡേറ്റ് തുടരൽ |
| 55 | ഡിജിബിഎ.ജിഎഡി.നംഎച്ച്-27/45.01.001/2014-15 | 01.07.2014 | പെൻഷണർമാരുടെ ആവലാതി പരിഹരിക്കൽ |
| 56 | ഡിജിബിഎ.ജിഎഡി.എച്ച്.2529/45.0 | 09.12.2014 | ആധാർ ബയോമെട്രിക് ഓതന്റിക്കഷേൻ |

| | | | |
|---|---|---|---|
| | 1.001/2014-15 2014 ഡിസംബർ 09 തീയതി | | അടിസ്ഥാനമാക്കി ഡിജിററൽ ലൈഫ് സർട്ടിഫിക്കററ് സമർപ്പണം. |
| 57 | ഡിജിബിഎ.ജിഎഡി.നംഎച്ച്.4054/45.03.001/2014-15 | 13.03.2015 | അധികമായി വിതരണം ചെയ്ത പെൻഷൻ തിരിച്ചു പിടിക്കുകയും ഗവൺമെന്റ് അക്കൗണ്ടിലേക്ക് മടക്കികൊടുക്കലും |
| 58 | ആർബിഐ/2014-15/587 : റഫ്.ഡിജിബിഎ.ജിഎഡി.നം.എച്ച്-5013/45.01.001/2014-15 | 07.05.2015 | ലൈഫ് സർട്ടിഫിക്കററുകൾ വാങ്ങുമ്പോൾ പെൻഷണർമാർക്ക് നിയമപരമായി രസീത് നൽകാൻ |
| 59 | ആർബിഐ/2015-16/340 : ഡിജിബിഎ.ജിഎ.ഡി.നം.2960/45.01.001/2015-16 | 17.03.2016 | പെൻഷണർമാർക്ക് അധികമായി നൽകിയ പെൻഷൻ തിരിച്ചുപിടിക്കൽ |
| 60 | ആർബിഐ/2016-17/271 ഡിജിബിഎ.ജിഎഡി.നം.2646/31.02.007/2016-17 | 07.04.2017 | ഗവൺമെന്റ് ബാങ്കിങ് നിർവഹിക്കുന്നതിനായുള്ള സമ്പ്രദായങ്ങളും നിയന്ത്രണങ്ങളും |
| 61 | ആർബിഐ/2016-17/319 ഡിജിബിഎ.ജിഎഡി.നം.3235/45.01.001/2016-17 | 08.06.2017 | പെൻഷണർമാരുടെയും ഫാമിലി പെൻഷണർമാരുടെയും പാസ്ബുക്കുകളിൽ പിപിഒ നമ്പർ രേഖപ്പെടുത്തൽ |
| 62 | ആർബിഐ/2017-18/111 ഡിജിബിഎ.ജിഎഡി/1616/15.02.005/2017-18 | 21.12.2017 | ഗവൺമെന്റ് നിർദ്ദേശങ്ങൾ ഏജൻസി ബാങ്കുകൾ കണിശമായി നടപ്പാക്കുക |
| 63 | ഡിജിബിഎ.ജിഎഡി.നം.3214/45.01.001/2017-18 | 21.06.2018 | ഏജൻസി ബാങ്കുകൾ നൽകുന്ന ഉപഭോക്തൃ സേവനം |